കേന്ദ്ര ഗവൺമെൻറ്
നിയമ മന്ത്രാലയം

# കൂലികൊടുക്കൽ ആക്ററ്, 1936

## (1936-ലെ 4-ാം ആക്ററ്)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെൻറിനു വേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1975

Rs 1-00

കേന്ദ്ര ഗവൺമെന്റ്
നിയമ മന്ത്രാലയം

सत्यमेव जयते

# കൂലികൊടുക്കൽ ആക്റ്റ്, 1936

(1936-ലെ 4-ാം ആക്റ്റ്)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

©
കേന്ദ്ര ഗവൺമെൻറ്
നിയമ മന്ത്രാലയം

# കൂലികൊടുക്കൽ ആക്റ്റ്, 1936

## വകുപ്പുകളുടെ വിന്യാസം

### പ്രാരംഭികം


വകുപ്പുകൾ

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും ബാധകമാകലും.
2. നിർവ്വചനങ്ങൾ.
3. കൂലികൊടുക്കാനുള്ള ഉത്തരവാദിത്വം.
4. കൂലിക്കാലാവധി നിജപ്പെടുത്തൽ.
5. കൂലികൊടുക്കലിന്റെ സമയം.
6. കൂലി കൊടുക്കുന്നത് നിലവിലുള്ള നാണയത്തിലോ കറൻസി നോട്ടുകളിലോ ആയിരിക്കണമെന്ന്.
7. കൂലിയിൽനിന്ന് ചെയ്യാവുന്ന കിഴിവുകൾ.
8. പിഴകൾ.
9. ഡ്യൂട്ടിക്ക് ഹാജരാകാത്തതിനുള്ള കിഴിവുകൾ.
10. നാശനഷ്ടത്തിനോ നഷ്ടത്തിനോ ഉള്ള കിഴിവുകൾ.
11. ചെയ്തുകൊടുക്കുന്ന സേവനങ്ങൾക്കുള്ള കിഴിവ്.
12. മുൻകൂറുകൾ വസൂലാക്കാനുള്ള കിഴിവുകൾ.

12 ക. കടങ്ങൾ വസൂലാക്കുന്നതിനുള്ള കിഴിവുകൾ.

13. സഹകരണസംഘങ്ങൾക്കും ഇൻഷ്വറൻസ് പദ്ധതികൾക്കും പണം കൊടുക്കുന്നതിനുള്ള കിഴിവുകൾ.

13 ക. രജിസ്ററുകളും റിക്കാർഡുകളും വച്ചുപോരുന്നത്.

14. ഇൻസ്പെക്ററർമാർ.

14 ക. ഇൻസ്പെക്ററർമാർക്ക് നല്കേണ്ട സൗകര്യങ്ങൾ.

15. കൂലിയിൽനിന്നുള്ള കിഴിവുകളിൽനിന്നോ, കൂലി കൊടുക്കുന്നതിനുള്ള കാലതാമസത്തിൽനിന്നോ ഉദ്ഭവിക്കുന്ന അവകാശവാദങ്ങളും, ദുരുദ്ദേശപരമായതോ ശല്യമുണ്ടാക്കുന്നതോ ആയ അവകാശവാദങ്ങൾക്കുള്ള ദണ്ഡനവും.
16. കൂലി കിട്ടിയിട്ടില്ലാത്ത ഗ്രൂപ്പിൽ നിന്നുള്ള അവകാശവാദങ്ങൾ സംബന്ധിച്ച് ഒററ അപേക്ഷ.
17. അപ്പീൽ.

17 ക. നിയോജകൻേറയോ കൂലി കൊടുക്കാൻ ഉത്തരവാദിയായ മററ് ആളുടേയോ വസ്തുവിന്റെ സോപാധികമായ ജപ്തി.

18. 15-ാം വകുപ്പിൻകീഴിൽ നിയമിക്കപ്പെടുന്ന അധികാരസ്ഥാനങ്ങളുടെ അധികാരങ്ങൾ.
19. റദ്ദാക്കപ്പെട്ടു.
20. ആക്റ്റിൻകീഴിലെ കുററങ്ങൾക്കുള്ള ദണ്ഡനം.
21. കുററങ്ങളുടെ വിചാരണയിലെ നടപടിക്രമം.
22. വ്യവഹാരതടസ്സം.

22 ക. ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്ന പ്രവൃത്തിക്കുള്ള സംരക്ഷണം.

23. കാൺട്രാക്റ്റുവഴി ഒഴിഞ്ഞുമാറൽ.
24. ആക്ററ് റയിൽവേയ്ക്കും, ഖനികൾക്കും എണ്ണപ്പാടങ്ങൾക്കും ബാധകമാകുന്നത്.
25. ആക്റ്റിന്റെ അബ്സ്ട്രാക്റ്റുകൾ നോട്ടീസുവഴി പ്രദർശിപ്പിക്കൽ.
26. ചട്ടങ്ങളുണ്ടാക്കാനുള്ള അധികാരം.

# കൂലികൊടുക്കൽ ആക്റ്റ്, 1936

(1936-ലെ 4-ാം ആക്റ്റ്)

## വ്യവസായത്തിൽ നിയോജിക്കപ്പെട്ടിട്ടുള്ള ചിലതരം ആളുകൾക്ക് കൂലികൊടുക്കുന്നത് ക്രമപ്പെടുത്താനുള്ള ആക്റ്റ്

[1936 ഏപ്രിൽ, 23]

വ്യവസായത്തിൽ നിയോജിക്കപ്പെട്ടിട്ടുള്ള ചിലതരം ആളുകൾക്ക് കൂലികൊടുക്കുന്നത് ക്രമപ്പെടുത്തുന്നത് സമീചീന മായിരിക്കയാൽ, ഇതിനാൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും ബാധകമാകലും.—(1) ഈ ആക്റ്റിന് കൂലികൊടുക്കൽ ആക്റ്റ്, 1936 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാകുന്നു.

(3) ഇത്, കേന്ദ്രഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാകുന്നു.

(4) ആദ്യമായി, ഇത് ഏതെങ്കിലും ഫാക്ററിയിൽ നിയോജിക്കപ്പെട്ടിട്ടുള്ള ആളുകൾക്കും, (ഫാക്ററിയിൽ അല്ലാതെ) ഏതെങ്കിലും റയിൽവേയിൽ ഏതെങ്കിലും റയിൽവേ ഭരണകൂടത്താൽ നിയോജിക്കപ്പെടുന്നതോ, റയിൽവേ ഭരണവുമായുള്ള ഒരു കാൺട്രാക്റ്റ് നിറവേററുന്ന ആളാൽ നേരിട്ടോ സബ് കൺട്രാക്ററർവഴിയോ നിയോജിക്കപ്പെടുന്നതോ ആയ ആളുകൾക്കും കൂലികൊടുക്കുന്നതിന് ബാധകമാകുന്നതാണ്.

(5) സ്റേററ് ഗവൺമെൻറിന്, ഈ ആക്റ്റിലെ വ്യവസ്ഥകളോ, അവയിൽ ഏതെങ്കിലുമോ, ഏതെങ്കിലും വ്യാവസായിക സ്ഥാപനത്തിലോ, ഏതെങ്കിലും തരം വ്യാവസായിക സ്ഥാപനത്തിലോ, വ്യവസായിക സ്ഥാപനങ്ങളിലെ ഏതെങ്കിലും ഗ്രൂപ്പിലോ നിയോജിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും തരം ആളുകൾക്കു കൂലി കൊടുക്കുന്നതിന് വ്യാപിപ്പിക്കുന്നതിനുള്ള അതിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് മൂന്നുമാസത്തെ നോട്ടീസ് നല്കിയതിനുശേഷം, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി അപ്രകാരം വ്യാപിപ്പിക്കാവുന്നതാണ്:

എന്നാൽ ഒരൊററ സ്റേറററിലേയ്ക്കായി പരിമിതിപ്പെടുത്തിയിട്ടുള്ള തല്ലാത്ത ലക്ഷ്യങ്ങളോടുകൂടിയതും കേന്ദ്ര ഗവൺമെൻറിന്റെ ഉടമസ്ഥതയിലുള്ളതുമായ ഏതെങ്കിലും വ്യാവസായികസ്ഥാപനം സംബന്ധിച്ച്, ആ ഗവൺമെൻറുമായി ആലോചിക്കാതെ അങ്ങനെയുള്ള യാതൊരു വിജ്ഞാപനവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(6) ഈ ആക്റ്റിലെ യാതൊന്നും, ഏത് കൂലിക്കാലാവധി സംബന്ധിച്ച് കൊടുക്കേണ്ട കൂലിയാണോ, ആ കൂലിക്കാലാവധിക്ക് മുഴുവൻ ശരാശരി പ്രതിമാസം നാനൂറു രൂപയോ അതിലധികമോ വരുന്നത്, അങ്ങനെയുള്ള കൂലിക്കാലാവധി സംബന്ധിച്ച് കൊടുക്കേണ്ട കൂലിക്ക് ബാധകമാകുന്നതല്ല.

2. നിർവ്വചനങ്ങൾ.—ഈ ആക്ററിൽ, വിഷയത്തിലോ സന്ദർഭത്തിലോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്തപക്ഷം,—

(i) ''നിയോജിക്കപ്പെട്ട ആളി''ൽ മരിച്ചുപോയ നിയോജിക്കപ്പെട്ട ആളുടെ നിയമാനുസൃതപ്രതിനിധി ഉൾപ്പെടുന്നു;

(iക) ''നിയോജകനി''ൽ മരിച്ചുപോയ നിയോജകന്റെ നിയമാനുസൃത പ്രതിനിധി ഉൾപ്പെടുന്നു;

(iഖ) ''ഫാക്ടറി'' എന്നാൽ ഫാക്ടറി ആക്ററ്, 1948, (1948-ലെ 63) 2-ാം വകുപ്പ് (ഡ) ഖണ്ഡത്തിൽ നിർവ്വചിച്ചപ്രകാരമുള്ള ഫാക്ടറി എന്നർത്ഥമാകുന്നതും, അതിൽ ആ ആക്ററ് 85-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൻ കീഴിൽ ആ ആക്ററിലെ വ്യവസ്ഥകൾ ബാധകമാക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും സ്ഥലം ഉൾപ്പെടുന്നതും ആകുന്നു.

(ii) ''വ്യാവസായിക സ്ഥാപനം'' എന്നാൽ,—

(ക) കൂലിക്കോ പ്രതിഫലത്തിന്നോ റോഡുവഴി യാത്രക്കാരേയോ സാമാനങ്ങളോ കൊണ്ടുപോകുന്നതിൽ ഏർപ്പെട്ടിട്ടുള്ള ഏതെങ്കിലും ട്രാംവേ സർവ്വീസോ മോട്ടോർ പരിവഹന സർവ്വീസോ;

(കക) യൂണിയന്റെ കരസേനയിലേയോ നാവിക വൈമാനിക സേനകളിലേയോ, ഇൻഡ്യാഗവൺമെൻറിന്റെ സിവിൽ വ്യോമഗതാഗത വകുപ്പിലേയോ അല്ലെങ്കിൽ അനന്യമായി അതിൽ നിയോജിക്കപ്പെട്ടിട്ടുള്ളതോ ആയ സർവ്വീസോ അല്ലാത്ത ഏതെങ്കിലും വ്യോമപരിവഹന സർവ്വീസോ;

(ഖ) ഏതെങ്കിലും ഡാക്കോ, പാതാറോ, ജെട്ടിയോ;

(ഗ) ഏതെങ്കിലും യന്ത്രചാലിതമായ ഉൾപ്രദേശ ജലയാനമോ;

(ഘ) ഏതെങ്കിലും ഖനിയോ, കല്ലുവെട്ടുകുഴിയോ, എണ്ണപ്പാടമോ;

(ങ) ഏതെങ്കിലും തോട്ടമോ;

(ച) സാധനങ്ങൾ, അവയുടെ ഉപയോഗമോ പരിവഹനമോ, വില്പനയോ ലക്ഷ്യമാക്കി ഉത്പാദിപ്പിക്കുകയോ, അനുയോജ്യമാക്കുകയോ, നിർമ്മിക്കുകയോ ചെയ്യുന്ന ഏതെങ്കിലും വർക്ക്ഷാപ്പോ, മററ് സ്ഥാപനമോ;

(ഛ) കെട്ടിടങ്ങളുടേയോ, റോഡുകളുടേയോ, പാലങ്ങളുടേയോ തോടുകളുടേയോ, നിർമ്മാണമോ വികസനമോ സംരക്ഷണമോ സംബന്ധിച്ചതോ, അല്ലെങ്കിൽ ജലഗതാഗതമോ, ജലസേചനമോ ജലവിതരണമോ ആയി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംബന്ധിച്ചതോ അല്ലെങ്കിൽ വിദ്യുച്ഛക്തിയുടേയോ മറേറതെങ്കിലും വിധത്തിലുള്ള യന്ത്രശക്തിയുടേയോ ഉത്പാദനമോ, പ്രേഷണമോ, വിതരണമോ സംബന്ധിച്ചതോ ആയ ഏതെങ്കിലും പ്രവൃത്തി നടത്തിപ്പോരുന്ന ഏതെങ്കിലും സ്ഥാപനമോ,

എന്നർത്ഥമാകുന്നു.

(iiക) ''ഖനി''യ്ക്ക് ഖനി ആക്ററ്, 1952(1952-ലെ 35) -ലെ 2-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ (ജ) ഖണ്ഡത്തിൽ നല്കപ്പെട്ടിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

(iii) ''തോട്ട''ത്തിന് തോട്ടം തൊഴിൽ ആക്ററ്, 1951(1951-ലെ69)-ലെ (2)-ാംവകുപ്പ് (ച) ഖണ്ഡത്തിൽ നല്കപ്പെട്ടിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(iv) ''നിർണ്ണയിക്കപ്പെടുന്ന'' എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന എന്നർത്ഥമാകുന്നു.

(v) ''റയിൽവേ ഭരണകൂട''ത്തിന് ഇൻഡ്യൻ റയിൽവേ ആക്റ്റ്, 1890[1890-ലെ9]-ലെ 3-ാം വകുപ്പ് (6)-ാം ഖണ്ഡത്തിൽ നല്കപ്പെട്ടിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

(vi) ''കൂലി'' എന്നാൽ പ്രകടമോ വ്യംഗ്യമോ ആയ നിയോജന നിബന്ധനകൾ നിറവേററപ്പെടുന്നുവെങ്കിൽ ഒരാൾക്ക് തന്റെ നിയോജനം സംബന്ധിച്ചോ നിയോജനത്തിൽ ചെയ്യുന്ന പ്രവൃത്തി സംബന്ധിച്ചോ കൊടുക്കാൻ ഉണ്ടാകുന്നതും പണമായി പറയപ്പെട്ടിട്ടുള്ളതോ അല്ലെങ്കിൽ അപ്രകാരം പറയപ്പെടാൻ കഴിയുന്നതോ ആയതുമായ എല്ലാ വേതനവും (ശമ്പളമായോ ബത്തയായോ ഉള്ളതോ മററു വിധത്തിലുള്ളതോ ആയിരുന്നാലും) എന്ന് അർത്ഥമാകുന്നതും; അതിൽ—

(ക) കക്ഷികൾ തമ്മിലുള്ള ഏതെങ്കിലും അവാർഡിനോ, ഒത്തുതീർപ്പിനോ കോടതിയുടെ ഉത്തരവിനോ കീഴിൽ കൊടുക്കേണ്ട എന്തെങ്കിലും വേതനവും;

(ഖ) നിയോജിക്കപ്പെട്ടിട്ടുള്ള ആൾക്ക് ഓവർടൈം പ്രവൃത്തിയോ, ഒഴിവു ദിവസങ്ങളോ, അവധിയുടെ ഏതെങ്കിലും കാലാവധിയോ സംബന്ധിച്ച് അവകാശമുള്ള ഏതെങ്കിലും വേതനവും;

(ഗ) നിയോജന നിബന്ധനകൾക്കു കീഴിൽ കൊടുക്കേണ്ട ഏതെങ്കിലും കൂടുതൽ വേതനവും, (ബോണസ് എന്ന പേർ പറയുന്നതോ മറേറതെങ്കിലും പേർ പറയുന്നതോ ആയാലും);

(ഘ) നിയോജിക്കപ്പെട്ടിട്ടുള്ള ആളുടെ സേവനം അവസാനിപ്പിക്കുന്നത് കാരണം, ഏതെങ്കിലും തുക കൊടുക്കാനായി, അത് കിഴിവുകളോടുകൂടിയതോ കൂടാതെയോ ആയിരുന്നാലും, വ്യവസ്ഥ ചെയ്യുന്നതും, എന്നാൽ അത് കൊടുക്കേണ്ടത് ഏത് സമയത്തിനുള്ളിലാണെന്ന് വ്യവസ്ഥ ചെയ്യാത്തതുമായ ഏതെങ്കിലും നിയമത്തിനോ കാൺട്രാക്റ്റിനോ പ്രമാണത്തിനോ കീഴിൽ കൊടുക്കേണ്ടതായ അങ്ങനെയുള്ള തുകയും;

(ങ) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ തയ്യാറാക്കിക്കപ്പെട്ട ഏതെങ്കിലും പദ്ധതിയിൻകീഴിൽ, നിയോജിക്കപ്പെട്ട ആൾക്ക് അവകാശമുള്ള എന്തെങ്കിലും തുകയും,

ഉൾപ്പെടുന്നതും, എന്നാൽ—

(1) നിയോജന നിബന്ധനകൾക്ക് കീഴിൽ കൊടുക്കേണ്ട വേതനത്തിന്റെ ഭാഗമല്ലാത്തതോ, കക്ഷികൾ തമ്മിലുള്ള ഏതെങ്കിലും അവാർഡിനോ ഒത്തുതീർപ്പിനോ, കോടതിയുടെ ഉത്തരവിനോ കീഴിൽ കൊടുക്കേണ്ടതല്ലാത്തതോ ആയ ഏതെങ്കിലും ബോണസ്സും (ലാഭം പങ്കിടുന്ന പദ്ധതിയിൻകീഴിൽ ആയിരുന്നാലും അല്ലെങ്കിലും ;)

(2) സ്റേററ് ഗവൺമെൻറിന്റെ സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി കൂലികണക്കുകൂട്ടുന്നതിൽ നിന്ന് ഒഴിച്ചുനിറുത്തപ്പെട്ടിട്ടുള്ളതും ഭവന സൗകര്യത്തിന്റേയോ, വെളിച്ചമോ ജലമോ വൈദ്യസഹായമോ മററ് സൗകര്യമോ നല്കുന്നതിന്റേയോ, ഏതെങ്കിലും സേവനത്തിന്റെയോ ആയതുമായ മൂല്യവും;

(3) നിയോജകൻ ഏതെങ്കിലും പെൻഷൻ ഫണ്ടിലേയ്ക്കോ പ്രോവിഡന്റ് ഫണ്ടിലേക്കോ കൊടുക്കുന്ന ഏതെങ്കിലും അംശദായവും അതിൻമേൽ ഉളവായിട്ടുണ്ടായിരിക്കാവുന്ന ഏതെങ്കിലും പലിശയും;

(4) ഏതെങ്കിലും യാത്രാബത്തയും, അല്ലെങ്കിൽ ഏതെങ്കിലും യാത്രാ സൗജന്യത്തിന്റെ മൂല്യവും;

(5) നിയോജിക്കപ്പെട്ട ആരാൾക്ക് തന്റെ നിയോജനത്തിന്റെ പ്രകൃതം ആവശ്യമാക്കിത്തീർത്തിട്ടുള്ള പ്രത്യേക ചെലവുകൾ നേരിടുന്നതിന് കൊടുക്കുന്ന ഏതെങ്കിലും തുകയും;

(6) (ഘ) ഉപഖണ്ഡത്തിൽ വിനിർദ്ദേശിച്ചിട്ടുള്ളതല്ലാത്ത സംഗതികളിൽ, നിയോജനം അവസാനിപ്പിക്കുന്നതിൻമേൽ കൊടുക്കേണ്ട ഏതെങ്കിലും ഗ്രാററുവിററിയും,

ഉൾപ്പെടുന്നതല്ലാത്തതും, ആകുന്നു.

3. കൂലികൊടുക്കാനുള്ള ഉത്തരവാദിത്വം.—ഏതൊരു നിയോജകനും, താൻ നിയോജിക്കുന്ന ആളുകൾക്ക്, ഈ ആക്ററിൻകീഴിൽ കൊടുക്കപ്പെടണമെന്ന് ആവശ്യപ്പെടുന്ന എല്ലാ കൂലിയും കൊടുക്കാൻ ഉത്തരവാദി ആയിരിക്കുന്നതാണ്:

എന്നാൽ (ഒരു കൺട്രാക്ടറാലല്ലാതെ)—

(ക) ഫാക്ടറി ആക്ററ്, 1948(1948-ലെ-63)-ലെ 7-ാംവകുപ്പ് (1)-ാംഉപവകുപ്പിലെ (ച) ഖണ്ഡത്തിൻ കീഴിൽ ഫാക്ടറിയുടെ മാനേജരായി ഒരാൾ പേർ പറയപ്പെട്ടിട്ടുണ്ടെങ്കിൽ, ഫാക്ടറികളിലോ,

(ഖ) വ്യാവസായിക സ്ഥാപനത്തിന്റെ മേൽനോട്ടത്തിനും നിയന്ത്രണത്തിനും നിയോജകനോട് ഉത്തരവാദിയായ ഒരാളുണ്ടെങ്കിൽ, വ്യാവസായിക സ്ഥാപനങ്ങളിലോ,

(ഗ) നിയോജകൻ റയിൽവേഭരണമായിരിക്കുകയും, റയിൽവേഭരണം ബന്ധപ്പെട്ട തദ്ദേശപ്രദേശത്തിലേക്കായി ഒരാളെ ഇതിലേക്ക് നാമനിർദ്ദേശം ചെയ്തിരിക്കുകയും ചെയ്യുന്നുവെങ്കിൽ, (ഫാക്ടറികളിലല്ലാതെ) റയിൽവേയിലോ,

നിയോജിക്കപ്പെട്ടിട്ടുള്ള ആളുകളുടെ സംഗതിയിൽ, അതതുസംഗതിപോലെ, അപ്രകാരം പേർപറയപ്പെട്ടിട്ടുള്ള ആളോ, നിയോജകനോട് അപ്രകാരം ഉത്തരവാദിയായ ആളോ, അപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ആളോ കൂടി അങ്ങനെയുള്ള കൂലികൊടുക്കലിന് ഉത്തരവാദിയായിരിക്കുന്നതാണ്.

4. കൂലിക്കാലാവധി നിജപ്പെടുത്തൽ.—(1) 3-ാംവകുപ്പിൻകീഴിൽ കൂലി കൊടുക്കാൻ ഉത്തരവാദിയായ ഏതൊരാളും അങ്ങനെയുള്ള കൂലികൊടുക്കേണ്ടത് ഏതു് കാലാവധി സംബന്ധിച്ചാണോ, അങ്ങനെയുള്ള കാലാവധി (ഈ ആക്ററിൽ കൂലിക്കാലാവധി എന്ന് പരാമർശിക്കപ്പെടുന്നത്) നിജപ്പെടുത്തേണ്ടതാകുന്നു.

(2) യാതൊരു കൂലിക്കാലാവധിയും ഒരു മാസത്തിൽ കവിയാൻ പാടുള്ളതല്ല.

5. കൂലികൊടുക്കലിന്റെ സമയം.—(1) ആരാണോ,—

(ക) ആയിരത്തിൽ കുറവായ ആളുകൾ നിയോജിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും റയിൽവേയിലോ ഫാക്ടറിയിലോ വ്യാവസായിക സ്ഥാപനത്തിലോ നിയോജിക്കപ്പെടുന്നത്, അങ്ങനെയുള്ള ഏതൊരു ആളുടേയും കൂലി, അത് കൊടുക്കേണ്ടത് ഏതു് കൂലിക്കാലാവധി സംബന്ധിച്ചാണോ, അതിന്റെ ഒടുവിലത്തെ ദിവസത്തിനുശേഷം ഏഴാം ദിവസം കഴിയുന്നതിനു മുമ്പായും:

(ഖ) മറേറതെങ്കിലും റയിൽവേയിലോ ഫാക്ററിയിലോ വ്യാവസായികസ്ഥാപനത്തിലോ നിയോജിക്കപ്പെടുന്നത്, അങ്ങനെയുള്ള ഏതൊരാളുടെയും കൂലി, അത് കൊടുക്കേണ്ടത് ഏത് കൂലിക്കാലാവധി സംബന്ധിച്ചാണോ, അതിന്റെ ഒടുവിലത്തെ ദിവസത്തിനുശേഷം പത്താംദിവസം കഴിയുന്നതിനുമുമ്പായും,

കൊടുക്കേണ്ടതാകുന്നു:

എന്നാൽ ഡോക്കിലോ, പാതാറിലോ ജട്ടിയിലോ ഖനിയിലോ നിയോജിക്കപ്പെടുന്ന ആളുകളുടെ സംഗതിയിൽ, അതതു സംഗതിപോലെ, സാമാനം കയററിയതോ ഇറക്കിയതോ ആയ കപ്പലിന്റേയോ വാഗണുകളുടെയോ അന്തിമമായ ടണ്ണേജ്കണക്ക് പൂർത്തിയാക്കുന്നതിൻമേൽ കൊടുക്കാനുള്ളതായി കാണപ്പെടുന്ന ബാക്കിക്കൂലി, അങ്ങനെ പൂർത്തിയാക്കുന്ന ദിവസംതൊട്ടു ഏഴാംദിവസം കഴിയുന്നതിനുമുമ്പായി നല്കേണ്ടതാകുന്നു.

(2) ഏതെങ്കിലും ആളുടെ നിയോജനം, നിയോജകനാലോ നിയോജകനുവേണ്ടിയോ അവസാനിപ്പിക്കപ്പെടുന്നിടത്ത്, ആ ആൾ ആർജ്ജിച്ചകൂലി, അയാളുടെ നിയോജനം അവസാനിപ്പിക്കുന്ന ദിവസം തൊട്ട് രണ്ടാമത്തെ പ്രവൃത്തിദിവസം കഴിയുന്നതിനു മുമ്പായി കൊടുക്കേണ്ടതാകുന്നു:

എന്നാൽ, ഒരു സ്ഥാപനത്തിലെ ഏതെങ്കിലും ആളുടെ നിയോജനം പ്രതിവാര ഒഴിവുദിവസമോ മററ് അംഗീകൃതമായ ഒഴിവുദിവസമോ അല്ലാത്ത ഏതെങ്കിലും കാരണത്താൽ ആ സ്ഥാപനം അടച്ചിടുന്നതിനാൽ അവസാനിപ്പിക്കപ്പെടുന്നിടത്ത്, അയാൾ ആർജ്ജിച്ച കൂലി, അയാളുടെ നിയോജനം അപ്രകാരം അവസാനിപ്പിക്കുന്ന ദിവസംതൊട്ടു രണ്ടാം ദിവസം കഴിയുന്നതിനു മുമ്പായി കൊടുക്കേണ്ടതാകുന്നു.

(3) സ്റേററ് ഗവൺമെൻറിന്, സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി, ഉത്തരവിൽ വിനിർദ്ദേശിക്കുന്നിടത്തോളവും വിനിർദ്ദേശിക്കുന്ന ഉപാധികൾക്ക് വിധേയമായും, (ഫാക്ററിയിലായിട്ടല്ലാതെ) ഏതെങ്കിലും റയിൽവേയിൽ നിയോജിക്കപ്പെടുന്ന ആളുകൾക്കോ അല്ലെങ്കിൽ കേന്ദ്ര ഗവൺമെൻറിന്റേയോ സ്റേററ് ഗവൺമെൻറിന്റേയോ പൊതുമരാമത്തുവകുപ്പിൽ ദിവസനിരക്ക് തൊഴിലാളികളായി നിയോജിക്കപ്പെടുന്ന ആളുകൾക്കോ കൂലികൊടുക്കാൻ ഉത്തരവാദിയായ ആളെ, അങ്ങനെയുള്ള ഏതെങ്കിലും ആളുകളുടേയോ ഏതെങ്കിലും തരം ആളുകളുടേയോ കൂലി സംബന്ധിച്ച് ഈ വകുപ്പിന്റെ പ്രവർത്തനത്തിൽനിന്ന് ഒഴിവാക്കാവുന്നതാണ്:

എന്നാൽ മുൻപറഞ്ഞവിധം ദിവസനിരക്കു തൊഴിലാളികളായി നിയോജിക്കപ്പെടുന്ന ആളുകളുടെ സംഗതിയിൽ, അങ്ങനെയുള്ള യാതൊരു ഉത്തരവും കേന്ദ്രഗവൺമെൻറുമായി ആലോചിക്കാതെ പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(4) (2)-ാംഉപവകുപ്പിൽ മററുവിധത്തിൽ വ്യവസ്ഥചെയ്തിട്ടുള്ളവിധമൊഴികെ, എല്ലാ കൂലികൊടുക്കലും പ്രവൃത്തി ദിവസത്തിൽ ആയിരിക്കേണ്ടതാണ്.

6. കൂലി കൊടുക്കുന്നത് നിലവിലുള്ള നാണയത്തിലോ കറൻസി നോട്ടുകളിലോ ആയിരിക്കണമെന്ന്.—എല്ലാ കൂലിയും നിലവിലുള്ള നാണയത്തിലായോ കറൻസി നോട്ടുകളിലായോ രണ്ടിലുമായോ കൊടുക്കേണ്ടതാകുന്നു.

7. കൂലിയിൽനിന്ന് ചെയ്യാവുന്ന കിഴിവുകൾ.—(1) ഇൻഡ്യൻ റയിൽവേ ആക്ററ്, 1890(1890-ലെ 9)-ലെ 47-ാംവകുപ്പ് (2)-ാംഉപവകുപ്പിലെ വ്യവസ്ഥകൾ എന്തുതന്നെ ആയിരുന്നാലും, നിയോജിക്കപ്പെട്ടിട്ടുള്ള ഒരാളുടെ കൂലി, ഈ ആക്ററനാലോ ആക്ററിൻകീഴിലോ പ്രാധികാരം നല്കപ്പെട്ടവ ഒഴികെയുള്ള യാതൊരുതരം കിഴിവുകളും കൂടാതെ അയാൾക്ക് കൊടുക്കേണ്ടതാകുന്നു.

വിശദീകരണം I. —നിയോജിക്കപ്പെട്ട ആളുടെ, നിയോജകനോ അയാളുടെ ഏജൻറിനോ ഉള്ള ഏതൊരു പണം കൊടുക്കലും ഈ ആക്ററിൻെറ ആവശ്യങ്ങൾക്ക്, കൂലിയിൽനിന്നുള്ള കിഴിവായി കരുതപ്പെടുന്നതാകുന്നു.

വിശദീകരണം II. —നിയോജിക്കപ്പെട്ടിട്ടുള്ള ഒരാളുടെ മേൽ ശരിയായതും മതിയായതുമായ കാരണത്താൽ താഴെപ്പറയുന്ന ശിക്ഷകളിൽ അതായത്:—

(i) (എഫിഷ്യൻസി ബാററിൽ ഇൻക്രിമെൻറ് നിറുത്തുന്നതുൾപ്പെടെ) ഇൻക്രിമെൻേറാ, പ്രമോഷനോ നല്കാതിരിക്കുന്നത്;

(ii) താഴെയുള്ള ഒരു തസ്തികയിലേയ്ക്കോ ടൈം സ്കെയിലിലെ താഴെയുള്ള ഒരു പടിയിലേക്കോ തരം താഴ്ത്തുന്നത്;

(iii) സസ്പെൻഡ് ചെയ്യുന്നത്,

എന്നിവയിൽ ഏതെങ്കിലും ചുമത്തുന്നതിൻെറ ഫലമായി ഉണ്ടാകുന്ന ഏതെങ്കിലും കൂലി നഷ്ടം, അങ്ങനെയുള്ള ഏതെങ്കിലും ശിക്ഷ ചുമത്തുന്നതിന് നിയോജകൻ തയ്യാറാക്കിയിട്ടുള്ള ചട്ടങ്ങൾ, സ്റേറററ്ഗവൺമെൻറ് ഔദ്യോഗിക ഗസററിൽ ഇതിലേയ്ക്ക് വിജ്ഞാപനംവഴി ആവശ്യമായിട്ടുള്ളവയായി വിനിർദ്ദേശിക്കുന്ന വല്ലതുമുണ്ടെങ്കിൽ, അവയ്ക്ക് അനുസൃതമായിരിക്കുന്ന ഏതെങ്കിലും സംഗതിയിൽ, കൂലിയിൽനിന്നുള്ള കിഴിവായി കരുതപ്പെടുന്നതല്ല.

(2) നിയോജിക്കപ്പെട്ടിട്ടുള്ള ഒരാളുടെ കൂലിയിൽനിന്നുള്ള കിഴിവുകൾ, ഈ ആക്ററിലെ വ്യവസ്ഥകളനുസരിച്ച് മാത്രം ചെയ്യപ്പെടേണ്ടതും, താഴെ പറയുന്ന തരത്തിലുള്ളവമാത്രം ആകാവുന്നതും ആണ്, അതായത്:—

(ക) പിഴകൾ;

(ഖ) ഡ്യൂട്ടിക്ക് ഹാജരാകാത്തതിനുള്ള കിഴിവുകൾ;

(ഗ) നിയോജിക്കപ്പെട്ടിട്ടുള്ള ആളെ, കസ്ററഡിക്കാരനെന്ന് പ്രകടമാക്കി ഏരേല്പിച്ചിട്ടുള്ള സാമാനങ്ങളുടെ നാശനഷ്ടമോ നഷ്ടമോ, അല്ലെങ്കിൽ അയാൾ കണക്കുപറയേണ്ട പണത്തിൻെറ നഷ്ടമോ, അത് അയാളുടെ ഉദാസീനതയുടേയോ വീഴ്ചയുടേയോ നേരിട്ടുള്ള ഫലമായി കല്പിക്കപ്പെടാവുന്ന ടത്ത്, അങ്ങനെയുള്ള നാശനഷ്ടത്തിനോ നഷ്ടത്തിനോ ഉള്ള കിഴിവുകൾ;

(ഘ) നിയോജകനോ, ഗവൺമെൻേറാ, തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ ഏർപ്പെടുത്തപ്പെട്ടിട്ടുള്ള ഏതെങ്കിലും ഹൗസിങ്ബോർഡോ, (ഗവൺമെൻേറാ, ബോർഡോ നിയോജകനായിരുന്നാലും അല്ലെങ്കിലും) സ്റേററ് ഗവൺമെൻറ് ഇതിലേയ്ക്ക് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി വിനിർദ്ദേശിക്കുന്നതും ഭവനസൗകര്യത്തിന് ധനസഹായം നല്കുന്ന ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നതും ആയ മറേറതെങ്കിലും അധികാരസ്ഥാനമോ നല്കുന്ന ഭവനസൗകര്യത്തിനുള്ള കിഴിവുകൾ;

(ങ) നിയോജകൻ നല്കുന്നതും, സ്റേററ്ഗവൺമെൻേറാ, സ്റേററ് ഗവൺമെൻറ് ഇതിലേയ്ക്ക് വിനിർദ്ദേശിക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ, സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി പ്രാധികാരം നല്കുന്നതുമായ സുഖസൗകര്യങ്ങൾക്കോ സേവനങ്ങൾക്കോ ഉള്ള കിഴിവുകൾ;

വിശദീകരണം:—ഈ ഉപഖണ്ഡത്തിലെ "സേവനങ്ങൾ" എന്ന വാക്കിൽ, നിയോജനത്തിൻെറ ആവശ്യങ്ങൾക്ക് വേണ്ട പണിയായുധങ്ങളും അസംസ്കൃത പദാർത്ഥങ്ങളും നല്കുന്നത് ഉൾപ്പെടുന്നില്ല.

(ച) (യാത്രാബത്തയ്ക്കോ വാഹനബത്തയ്ക്കോ ഉള്ള മുൻകൂറുകൾ ഉൾപ്പെടെ) മുൻകൂറുകളും, അവ ഏത് പ്രകൃതത്തിലുള്ളവയായാലും, അവ സംബന്ധിച്ച് കിട്ടാനുള്ള പലിശയും വസൂലാക്കുന്നതിനോ അധികപ്പററുകൂലി ശരിയാക്കുന്നതിനോ ഉള്ള കിഴിവുകൾ;

(ഫ) സ്റേററ് ഗവൺമെൻറ് അംഗീകരിച്ച ചട്ടങ്ങൾ അനുസരിച്ച്, തൊഴിലാളിക്ഷേമത്തിനായി ഏർപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഫണ്ടിൽ നിന്ന് കൊടുക്കുന്ന കടങ്ങളും അവ സംബന്ധിച്ച് കിട്ടാനുള്ള പലിശയും വസൂലാക്കുന്നതിനുള്ള കിഴിവുകൾ;

(ഫഫ) ഭവനനിർമ്മാണത്തിനോ, സ്റേററ് ഗവൺമെൻറ് അംഗീകരിച്ച മററ് ആവശ്യങ്ങൾക്കോ നല്കുന്ന കടങ്ങളും അവ സംബന്ധിച്ച് കിട്ടാനുള്ള പലിശയും വസൂലാക്കുന്നതിനുള്ള കിഴിവുകൾ;

(ജ) നിയോജിക്കപ്പെട്ടിട്ടുള്ള ആൾ കൊടുക്കേണ്ട ആദായനികുതിയുടെ കിഴിവുകൾ;

(ഝ) കിഴിവുചെയ്യാൻ ആവശ്യപ്പെടുന്ന കോടതിയുടേയോ ഉത്തരവ് ചെയ്യാൻ ക്ഷമതയുള്ള മററ് അധികാരസ്ഥാനത്തിന്റേയോ, അങ്ങനെയുള്ള ഉത്തരവ് ആവശ്യപ്പെടുന്ന കിഴിവുകൾ;

(ഞ) പ്രാവിഡൻറ്ഫണ്ടുകൾ ആക്ററ്, 1925 (1925–ലെ 19) ബാധകമാകുന്ന ഏതെങ്കിലും പ്രാവിഡൻറ് ഫണ്ടിലേക്കോ, ഇൻഡ്യൻ ആദായനികുതി ആക്ററ്, 1922(1922–ലെ 11)–ലെ 58 ക വകുപ്പിൽ നിർവചിച്ചപ്രകാരമുള്ള ഏതെങ്കിലും അംഗീകൃത പ്രാവിഡൻറ് ഫണ്ടിലേക്കോ സ്റേററ് ഗവൺമെൻറിന്റെ ഇതിലേക്കുള്ള അംഗീകാരം തുടരുന്നിടത്തോളം അങ്ങനെ അംഗീകരിക്കപ്പെട്ട ഏതെങ്കിലും പ്രാവിഡൻറ് ഫണ്ടിലേക്കോ ഉള്ള വരികൾക്കോ അങ്ങനെയുള്ള പ്രാവിഡൻറ് ഫണ്ടുകളിൽനിന്നുള്ള മുൻകൂറുകൾ തിരിയെ വാങ്ങുന്നതിനോ ഉള്ള കിഴിവുകൾ;

(ട) സ്റേററ് ഗവൺമെൻറോ, സ്റേററ് ഗവൺമെൻറ് ഇതിലേയ്ക്ക് വിനിർദ്ദേശിക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ അംഗീകരിച്ചിട്ടുള്ള സഹകരണസംഘങ്ങൾക്കോ ഇൻഡ്യൻ പോസ്ററ് ആഫീസ് നടത്തിപ്പോരുന്ന ഇൻഷുറൻസ് പദ്ധതിയ്ക്കോ പണം കൊടുക്കുന്നതിനുള്ള കിഴിവുകൾ;

(ഠ) ലൈഫ് ഇൻഷുറൻസ് കാർപ്പറേഷൻ ആക്ററ്, 1956 (1956–ലെ 31)–ൻ കീഴിൽ സ്ഥാപിക്കപ്പെട്ട ലൈഫ് ഇൻഷുറൻസ് കാർപ്പറേഷൻ ആഫ് ഇൻഡ്യക്ക് നിയോജിക്കപ്പെട്ടിട്ടുള്ള ആളുടെ ലൈഫ് ഇൻഷുറൻസ് പോളിസിയിൻമേലുള്ള ഏതെങ്കിലും പ്രീമിയം കൊടുക്കുന്നതിനോ അല്ലെങ്കിൽ ഇൻഡ്യാ ഗവൺമെൻറിന്റെയോ ഏതെങ്കിലും സ്റേററ് ഗവൺമെൻറിന്റെയോ ഈടുപത്രങ്ങൾ വിലയ്ക്കുവാങ്ങുന്നതിനോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും ഗവൺമെൻറിന്റെ ഏതെങ്കിലും സമ്പാദ്യപദ്ധതിക്ക് അനുസൃതമായി ഏതെങ്കിലും പോസ്ററ് ആഫീസ് സേവിങ്സ് ബാങ്കിൽ ഡെപ്പോസിററ് ചെയ്യുന്നതിനോ ആയി അയാളുടെ ലിഖിതമായ പ്രാധികാരത്തോടുകൂടി ചെയ്യുന്ന കിഴിവുകൾ;

(ഡ) ഫിഡെലിററി ഗാരൻറി ബാണ്ടിൻമേലുള്ള ഇൻഷുറൻസ് പ്രീമിയം കൊടുക്കുന്നതിനുള്ള കിഴിവുകൾ;

(ഢ) കപടാനുകരണം നടത്തിയുണ്ടാക്കപ്പെട്ടതോ എടുക്കാത്തതോ ആയ നാണയമോ വികൃതമാക്കപ്പെട്ടതോ വ്യാജനിർമ്മിതമായതോ ആയ കറൻസിനോട്ടുകളോ നിയോജിക്കപ്പെട്ടിട്ടുള്ള ആൾ സ്വീകരിച്ചതുകാരണം റയിൽവേ ഭരണത്തിന് ഉണ്ടാകുന്ന നഷ്ടം വസൂലാക്കുന്നതിനുള്ള കിഴിവുകൾ;

(ണ) നിയോജിക്കപ്പെട്ടിട്ടുള്ള ആൾ റയിൽവേ ഭരണത്തിന് കിട്ടാനുള്ള ശരിയായ ചാർജ്ജുകൾക്ക്, അത് യാത്രക്കൂലിയോ ചരക്കുകൂലിയോ ഡെമറേജോ പാദാർകൂലിയോ ക്രെയിൻകൂലിയോ സംബന്ധിച്ചതോ അല്ലെങ്കിൽ

കേററിംഗ് സ്ഥാപനങ്ങളിലെ കേഷണ വില സംബന്ധിച്ചതോ അല്ലെങ്കിൽ ധാന്യഷാപ്പുകളിലെ ചരക്കുവില്പന സംബന്ധിച്ചതോ; മററുവ ധത്തിലു ള്ളതോ ആയിരുന്നാലും, ഇൻവായിസ് ചെയ്യുകയോ ബിൽ എഴുതുകയോ അത് പിരിക്കുകയോ അതിന് കണക്കുപറയുകയോ ചെയ്യാതിരിക്കുന്നത് കാരണം ആ രണത്തിൽ ഉണ്ടാകുന്ന നഷ്ടം വസൂലാക്കുന്നതിനുള്ള കിഴിവുകൾ;

(ത) നിയോജിക്കപ്പെട്ടിട്ടുള്ള ആൾ തെററായി നല്കുന്ന ഏതെങ്കിലും റിബേററോ റീഫണ്ടോ കാരണം റയിൽവെ ഭരണത്തിന് ഉണ്ടാകുന്ന നഷ്ടം, അത് അയാളുടെ ഉദാസീനതയുടേയോ വീഴ്ചയുടേയോ നേരിട്ടുള്ള ഫലമായി കല്പിക്കപ്പെടാവുന്നിടത്ത്, അത് വസൂലാക്കുന്നതിനുള്ള കിഴിവുകൾ;

(3) ഈ ആക്ററിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, നിയോജിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ആളുടെ കൂലിയിൽനിന്ന് ഏതെങ്കിലും കൂലികാലാവധിയിൽ (2)-ാം ഉപവകുപ്പിൻകീഴിൽ ചെയ്യാവുന്ന കിഴിവുകളുടെ ആകെ സംഖ്യ—

(i) അങ്ങനെയുള്ള കിഴിവുകൾ (2)-ാം ഉപവകുപ്പിലെ (ണ) ഖണ്ഡത്തിൻകീഴിൽ മുഴുവനുമായോ ഭാഗികമായോ സഹകരണസംഘങ്ങൾക്ക് കൊടുക്കുന്നതിനായി ചെയ്യുന്ന സംഗതിയിൽ, അങ്ങനെയുള്ള കൂലിയുടെ എഴുപത്തഞ്ചുശതമാനത്തിലും,

(ii) മററതെങ്കിലും സംഗതിയിൽ അങ്ങനെയുള്ള കൂലിയുടെ അമ്പതുശതമാനത്തിലും,

കവിയാൻ പാടുള്ളതല്ല:

എന്നാൽ (2)-ാം ഉപവകുപ്പിൻകീഴിൽ പ്രാധികാരം നല്കപ്പെട്ടിട്ടുള്ള ആകെ കിഴിവുകൾ, അതതുസംഗതിപോലെ, കൂലിയുടെ എഴുപത്തഞ്ചുശതമാനത്തിലോ അമ്പതുശതമാനത്തിലോ കവിയുന്നിടത്ത്, അങ്ങനെ കവിയുന്നത്, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ വസൂലാക്കാവുന്നതാണ്.

(4) ഈ വകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നിനും, നിയോജിക്കപ്പെട്ടിട്ടുള്ള ആളുടെ കൂലിയിൽനിന്നോ, മററുവിധത്തിലോ ഇൻഡ്യൻ റയിൽവേ ആക്ററ്, 1890 (1890-ലെ 9) അല്ലാതെ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ അങ്ങനെയുള്ള ആൾ കൊടുക്കേണ്ട ഏതെങ്കിലും തുക വസൂലാക്കുന്നതിൽനിന്ന് നിയോജകനെ തടയുന്നതായി അർത്ഥം കല്പിക്കാൻ പാടുള്ളതല്ല.

8. പിഴകൾ.—(1) സ്റേററ്ഗവൺമെൻറിൻേറയോ നിർണ്ണയിക്കപ്പെടുന്ന അധികാരസ്ഥാനത്തിൻേറയോ, മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി നിയോജകൻ (2)-ാം ഉപവകുപ്പിൻകീഴിൽ നോട്ടീസ് വഴി വിനിർദ്ദേശിക്കുന്ന, നിയോജിക്കപ്പെട്ട ആളുടെ കൃത്യങ്ങളോ കൃത്യവിലോപങ്ങളോ സംബന്ധിച്ച് അല്ലാതെ അയാളുടെമേൽ യാതൊരു പിഴയും ചുമത്താൻ പാടുള്ളതല്ല.

(2) അങ്ങനെയുള്ള കൃത്യങ്ങളും, കൃത്യവിലോപങ്ങളും വിനിർദ്ദേശിക്കുന്ന നോട്ടീസ്, നിയോജനം നടത്തിക്കൊണ്ടുപോകുന്ന കെട്ടിടപരിസരങ്ങളിലോ, അല്ലെങ്കിൽ (ഫാക്ടറിയ ലായല്ലാതെ) റയിൽവേയിൽ നിയോജിക്കപ്പെട്ടിട്ടുള്ള ആളുകളുടെ സംഗതിയിൽ, നിർണ്ണയിക്കപ്പെടുന്ന സ്ഥലത്തോ സ്ഥലങ്ങളിലോ, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ പ്രദർശിപ്പിക്കേണ്ടതാകുന്നു.

(3) നിയോജിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ആളുടെ മേൽ, അയാൾക്ക് പിഴയ്ക്കെതിരായി കാരണം കാണിക്കാൻ ഒരു അവസരം കൊടുക്കപ്പെട്ടിരിക്കുന്നതുവരേയോ, പിഴചുമത്തലിന് നിർണ്ണയിക്കപ്പെടുന്ന നടപടിക്രമം അനുസരിച്ചല്ലാതേയോ യാതൊരുപിഴയും ചുമത്താൻ പാടുള്ളതല്ല.

(4) നിയോജിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ആളുടെ മേൽ ഏതെങ്കിലും കൂലിക്കാലാവധി ചുമത്താവുന്ന പിഴയുടെ ആകെയുള്ള തുക, ആ കൂലിക്കാലാവധി സംബന്ധിച്ച് അയാൾക്ക് കൊടുക്കേണ്ട കൂലിയിൽ, രൂപയ്ക്ക് അര അണവീതംവരുന്ന തുകയിൽ കവിയാൻ പാടുള്ളതല്ല.

(5) പതിനഞ്ചുവയസ്സിൽ താഴെ പ്രായമുള്ള നിയോജിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ആളുടെ മേൽ യാതൊരു പിഴയും ചുമത്താൻ പാടുള്ളതല്ല.

(6) നിയോജിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ആളുടെ മേൽ ചുമത്തുന്ന യാതൊരു പിഴയും, ഗഡുവുകളായോ, അത് ചുമത്തിയ ദിവസംതൊട്ടു അറുപതുദിവസം കഴിഞ്ഞതിനുശേഷമോ, അയാളിൽനിന്ന് വസൂലാക്കാൻ പാടുള്ളതല്ല.

(7) ഏതൊരു പിഴയും, അത് ചുമത്തപ്പെട്ടത് ഏതൊരു കൃത്യമോ കൃത്യവിലോപമോ സംബന്ധിച്ചാണോ, ആ കൃത്യത്തിന്റെയോ കൃത്യവിലോപനത്തിന്റെയോ ദിവസം ചുമത്തിയതായി കരുതപ്പെടുന്നതാകുന്നു.

(8) എല്ലാ പിഴകളും, അവ സംബന്ധിച്ച എല്ലാ പിരിവുകളും, 3-ാം വകുപ്പിൻകീഴിൽ കൂലികൊടുക്കാൻ ഉത്തരവാദിയായ ആൾ, നിർണ്ണയിക്കപ്പെടുന്ന രൂപത്തിൽ വച്ചുപോരേണ്ട ഒരു രജിസ്ററിൽ റിക്കാർഡ് ആക്കേണ്ടതും; അങ്ങനെയുള്ള എല്ലാ പിരിവുകളും ആ ഫാക്റ്ററിയിലോ സ്ഥാപനത്തിലോ നിയോജിക്കപ്പെട്ടിട്ടുള്ള ആളുകൾക്ക്, ഗുണകരമായതും നിർണ്ണയിക്കപ്പെടുന്ന അധികാരസ്ഥാനം അംഗീകരിക്കുന്നതായ ആവശ്യങ്ങൾക്കുവേണ്ടി മാത്രം വിനിയോഗിക്കേണ്ടതും, ആണ്.

വിശദീകരണം:—ഏതെങ്കിലും റയിൽവേയിലോ, ഫാക്റ്ററിയിലോ വ്യാവസായിക സ്ഥാപനത്തിലോ, നിയോജിക്കപ്പെട്ടിട്ടുള്ള ആളുകൾ അതേ മാനേജുമെന്റിന്റെ കീഴിൽ നിയോജിക്കപ്പെട്ടിട്ടുള്ള സ്ററാഫിന്റെ ഭാഗംമാത്രമായിരിക്കുമ്പോൾ, അങ്ങനെയുള്ള എല്ലാ പിരിവുകളും ആ സ്ററാഫിന് മുഴുവനുമായി നടത്തിപ്പോരുന്ന പൊതുവായ ഫണ്ടിലേക്ക് വരവുവയ്ക്കാവുന്നതാണ്; എന്നാൽ ആ ഫണ്ട്, നിർണ്ണയിക്കപ്പെടുന്ന അധികാരസ്ഥാനം അംഗീകരിക്കുന്ന ആവശ്യങ്ങൾക്കുമാത്രം വിനിയോഗിക്കേണ്ടതാകുന്നു.

9. ഡ്യൂട്ടിക്ക് ഹാജരാകാത്തതിനുള്ള കിഴിവുകൾ.—(1) നിയോജിക്കപ്പെട്ടിട്ടുള്ള ആൾ തന്റെ നിയോജന നിബന്ധനകൾപ്രകാരം താൻ പ്രവൃത്തിയെടുക്കേണ്ട സ്ഥലത്തോ സ്ഥലങ്ങളിലോ ഹാജരാകാതിരിക്കുകയും, അങ്ങനെ ഹാജരാകാതിരിക്കുന്നത്, താൻ പ്രവൃത്തിയെടുക്കേണ്ട കാലാവധി മുഴുവനുമോ അതിന്റെ ഏതെങ്കിലും ഭാഗമോ ആയിരിക്കുകയും ചെയ്യുന്നതുകാരണമായി മാത്രമേ 7-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ (ഖ) ഖണ്ഡത്തിൻകീഴിൽ കിഴിവുകൾ ചെയ്യാവൂ.

(2) യാതൊരു സംഗതിയിലും, അങ്ങനെയുള്ള കിഴിവിന്റെ തുക ഏത് കൂലിക്കാലാവധിയ്ക്കാണോ ആ കിഴിവ് ചെയ്തിട്ടുള്ളത്, ആ കൂലിക്കാലാവധി സംബന്ധിച്ച്, നിയോജിക്കപ്പെട്ടിട്ടുള്ള ആൾക്ക് കൊടുക്കേണ്ട കൂലിയുമായി അയാൾ ഹാജരാകാതിരിക്കുന്ന കാലാവധി, അങ്ങനെയുള്ള കൂലിക്കാലാവധിക്കുള്ളിൽ അയാളുടെ നിയോജന നിബന്ധനകൾ പ്രകാരം അയാൾ പ്രവൃത്തിയെടുക്കേണ്ട ആകെ കാലാവധിയുമായി വഹിക്കുന്നതിനേക്കാൾ കൂടുതലായ അനുപാതം വഹിക്കാൻ പാടുള്ളതല്ല:

എന്നാൽ, പത്തോ അതിലധികമോ നിയോജിക്കപ്പെട്ടിട്ടുള്ള ആളുകൾ ഒത്തുചേർന്നുകൊണ്ട് മുറപ്രകാരമുള്ള നോട്ടീസ് കൂടാതെയും (അതായത്, അവരുടെ നിയോജന കാൺട്രാക്റ്റുകളുടെ നിബന്ധനകൾ പ്രകാരം വേണ്ട നോട്ടീസ്

നല്കാതെ) ന്യായമായ കാരണം കൂടാതേയും സ്വയം ഹാജരാകാതിരിക്കുന്നുവെങ്കിൽ, അങ്ങനെയുള്ള ഏതെങ്കിലും ആളിൽനിന്നുള്ള അങ്ങനെയുള്ള കിഴിവിൽ അങ്ങനെയുള്ള ഏതെങ്കിലും നിബന്ധനകൾപ്രകാരം മുറപ്രകാരമുള്ള നോട്ടീസ്സിനുപകരം നിയോജകന് കൊടുക്കാനുള്ളതും എട്ടുദിവസത്തെ കൂലിയിൽ കവിയാത്തതും ആയ തുക സ്റ്റേററ് ഗവൺമെൻറ് ഇതിലേക്ക് ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായി, ഉൾപ്പെടാവുന്നതാണ്.

വിശദീകരണം:—ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക്, നിയോജിക്കപ്പെട്ടിട്ടുള്ള ആൾ, താൻ പ്രവൃത്തിചെയ്യേണ്ട സ്ഥലത്ത് സന്നിഹിതനാണെങ്കിലും കുത്തിയിരിപ്പ് പണിമുടക്കിന് അനുസൃതമായോ, ആ പരിതഃസ്ഥിതികളിൽ ന്യായമല്ലാത്ത മറേറതെങ്കിലും കാരണത്താലോ തൻെറ പ്രവൃത്തിചെയ്യാൻ വിസമ്മതിക്കുന്നുവെങ്കിൽ, അയാൾ ആ സ്ഥലത്ത് ഹാജരാകാതിരുന്നതായി കരുതപ്പെടുന്നതാകുന്നു.

10. നാശനഷ്ടത്തിനോ നഷ്ടത്തിനോ ഉള്ള കിഴിവുകൾ.—(1) 7–ാം വകുപ്പ് (2)–ാം ഉപവകുപ്പിലെ (ഗ) ഖണ്ഡത്തിനോ (ണ) ഖണ്ഡത്തിനോ കീഴിലുള്ള കിഴിവ്, നിയോജിക്കപ്പെട്ട ആളുടെ ഉദാസീനതയാലോ വീഴ്ചയാലോ നിയോജകന് ഉണ്ടായിട്ടുള്ള നാശനഷ്ടത്തിൻേറയോ നഷ്ടത്തിൻേറയോ തുകയിൽ കവിയാൻ പാടുള്ളതല്ല.

(1ക) 7–ാം വകുപ്പ് (2)–ാം ഉപവകുപ്പിലെ (ഗ) ഖണ്ഡത്തിനോ (ഡ) ഖണ്ഡത്തിനോ, (ഢ) ഖണ്ഡത്തിനോ (ണ) ഖണ്ഡത്തിനോ കീഴിലുള്ള കിഴിവ്, നിയോജിക്കപ്പെട്ടിട്ടുള്ള ആൾക്ക് ആ കിഴിവിനെതിരായി കാരണം കാണിക്കാൻ അവസരം കൊടുക്കപ്പെട്ടിരിക്കുന്നതുവരേയോ അങ്ങനെയുള്ള കിഴിവ് ചെയ്യുന്നതിന് നിർണ്ണയിക്കപ്പെടുന്ന നടപടിക്രമം അനുസരിച്ചല്ലാതേയോ ചെയ്യാൻ പാടുള്ളതല്ല.

(2) അങ്ങനെയുള്ള എല്ലാ കിഴിവുകളും, അവ സംബന്ധിച്ച എല്ലാ പിരിവുകളും, 3–ാം വകുപ്പിൻകീഴിൽ കൂലികൊടുക്കാൻ ഉത്തരവാദിയായ ആൾ, നിർണ്ണയിക്കപ്പെടുന്ന രൂപത്തിൽ വച്ചുപോരേണ്ട ഒരു രജിസ്റററിൽ റിക്കാർഡാക്കേണ്ടതാണ്.

11. ചെയ്തുകൊടുക്കുന്ന സേവനങ്ങൾക്കുള്ള കിഴിവ്.—നിയോജിക്കപ്പെട്ടിട്ടുള്ള ആളുടെ കൂലിയിൽ നിന്ന്, 7–ാം വകുപ്പ് (2)–ാം ഉപവകുപ്പിലെ (ഘ) ഖണ്ഡത്തിനോ (ങ) ഖണ്ഡത്തിനോ കീഴിലുള്ള കിഴിവ്, ആ ഭവനസൗകര്യമോ, സുഖസൗകര്യമോ സേവനമോ, അയാൾ നിയോജന നിബന്ധനയായോ മററ് വിധത്തിലോ സ്വീകരിച്ചിട്ടില്ലാത്തപക്ഷം, ചെയ്യാൻ പാടില്ലാത്തതും, അങ്ങനെയുള്ള കിഴിവ്, നല്കപ്പെട്ട ഭവനസൗകര്യത്തിൻേറയോ സുഖസൗകര്യത്തിൻേറയോ സേവനത്തിൻേറയോ മൂല്യത്തിന് തുല്യമായ തുകയിൽ കവിയാൻ പാടില്ലാത്തതും, (ങ) ഖണ്ഡത്തിൻകീഴിലുള്ള കിഴിവിൻെറ സംഗതിയിൽ, അത് സ്റ്റേററ് ഗവൺമെൻറ് ചുമത്തുന്ന ഉപാധികൾക്ക് വിധേയമായിരിക്കേണ്ടതും ആകുന്നു.

12. മുൻകൂറുകൾ വസൂലാക്കാനുള്ള കിഴിവുകൾ.—7–ാം വകുപ്പ് (2)–ാം ഉപവകുപ്പിലെ (ച) ഖണ്ഡത്തിൻകീഴിലുള്ള കിഴിവുകൾ താഴെപറയുന്ന ഉപാധികൾക്ക് വിധേയമായിരിക്കേണ്ടതാണ്, അതായത്:—

(ക) നിയോജനം തുടങ്ങുന്നതിനുമുമ്പ് നല്കുന്ന മുൻകൂർ പണം വസൂലാക്കുന്നത് ഒരു പൂർണ്ണ കൂലിക്കാലാവധി സംബന്ധിച്ച് ആദ്യമായി കൊടുക്കുന്ന കൂലിയിൽനിന്ന് ആയിരിക്കേണ്ടതും, എന്നാൽ യാത്രച്ചെലവുകൾക്കായി നല്കുന്ന അങ്ങനെയുള്ള മുൻകൂറുകളിൽ നിന്ന് യാതൊന്നും വസൂലാക്കാൻ പാടില്ലാത്തതും, ആകുന്നു.

(കക) നിയോജനം തുടങ്ങിയതിനുശേഷം നല്കുന്ന മുൻകൂർ പണം വസൂലാക്കുന്നത്, സ്റ്റേററ് ഗവൺമെൻറ് ചുമത്തുന്ന ഉപാധികൾക്ക് വിധേയമായിരിക്കേണ്ടതാണ്.

(ഖ) ആർജ്ജിച്ചുകഴിഞ്ഞിട്ടില്ലാത്ത കൂലിയുടെ മുൻകൂറുകൾ വസൂലാക്കുന്നത്, അങ്ങനെയുള്ള മുൻകൂറുകൾ നല്കുന്നതിന്റെ വ്യാപ്തിയേയും അവ വസൂലാക്കാവുന്ന ഗഡുവുകളേയും ക്രമപ്പെടുത്തിക്കൊണ്ട് സ്റ്റേററ് ഗവൺമെൻറ് ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായിരിക്കേണ്ടതാണ്.

12ക. കടങ്ങൾ വസൂലാക്കുന്നതിനുള്ള കിഴിവുകൾ:—7–ാം വകുപ്പ് (2)–ാം ഉപവകുപ്പിലെ (ചചച) ഖണ്ഡത്തിൻകീഴിൽ നല്കപ്പെട്ടിട്ടുള്ള കടങ്ങൾ വസൂലാക്കുന്നതിനുള്ള കിഴിവുകൾ, അങ്ങനെയുള്ള കടങ്ങൾ നല്കാവുന്നതിന്റെ വ്യാപ്തിയും അവയിൻമേൽ നല്കേണ്ട പലിശയും ക്രമപ്പെടുത്തിക്കൊണ്ട് സ്റ്റേററ് ഗവൺമെൻറ് ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായിരിക്കേണ്ടതാണ്.

13. സഹകരണസംഘങ്ങൾക്കും ഇൻഷൂറൻസ് പദ്ധതികൾക്കും പണം കൊടുക്കുന്നതിനുള്ള കിഴിവുകൾ:—7–ാം വകുപ്പ് (2)–ാം ഉപവകുപ്പിലെ (ഞ) ഖണ്ഡത്തിനും (ട) ഖണ്ഡത്തിനും കീഴിലുള്ള കിഴിവുകൾ സ്റ്റേററ് ഗവൺമെൻറ് ചുമത്തുന്ന ഉപാധികൾക്ക് വിധേയമായിരിക്കേണ്ടതാണ്.

13ക. രജിസ്ററുകളും റിക്കാർഡുകളും വച്ചുപോരുന്നത്:—(1) ഏതൊരു നിയോജകനും, താൻ നിയോജിക്കുന്ന ആളുകളുടേയും, അവർ നിർവ്വഹിക്കുന്ന പ്രവൃത്തിയുടേയും, അവർക്ക് കൊടുക്കുന്ന കൂലിയുടേയും, അവരുടെ കൂലിയിൽ നിന്ന് ചെയ്യുന്ന കിഴിവുകളുടേയും, അവർ നല്കുന്ന രസീതുകളുടേയും നിർണ്ണയിക്കപ്പെടുന്ന വിവരങ്ങളും നിർണ്ണയിക്കപ്പെടുന്ന മററു വിവരങ്ങളും നല്കുന്ന നിർണ്ണയിക്കപ്പെടുന്ന രജിസ്ററുകളും റിക്കാർഡുകളും നിർണ്ണയിക്കപ്പെടുന്ന രൂപത്തിൽ വച്ചുപോരേണ്ടതാകുന്നു.

(2) ഈ വകുപ്പിൻകീഴിൽ വച്ചുപോരേണ്ട ഏതൊരു രജിസ്ററും റിക്കാർഡും, ഈ ആക്ററിന്റെ ആവശ്യങ്ങൾക്ക് അതിൽ ചേർക്കുന്ന ഒടുവിലത്തെ ഉൾക്കുറിപ്പിന്റെ തീയതിക്കുശേഷം മൂന്നുവർഷക്കാലത്തേയ്ക്കു സൂക്ഷിക്കേണ്ടതാകുന്നു.

14. ഇൻസ്പെക്ടർമാർ:—(1)ഫാക്ടറികൾ ആക്ററ്, 1948 (1948–ലെ 63) 8–ാം വകുപ്പ് (1)–ാം ഉപവകുപ്പിൻകീഴിൽ നിയമിക്കപ്പെട്ട ഫാക്ടറി ഇൻസ്പെക്ടർ, ഈ ആക്ററിന്റെ ആവശ്യങ്ങൾക്ക്, അയാൾക്കായി നിശ്ചയിച്ചിട്ടുള്ള തദ്ദേശാതിർത്തിക്കുള്ളിലെ എല്ലാ ഫാക്ടറികൾ സംബന്ധിച്ചും ഇൻസ്പെക്ടറായിരിക്കുന്നതാണ്.

(2) സ്റ്റേററ് ഗവൺമെൻറിന്, (ഫാക്ടറിയിലായല്ലാതെ) റയിൽവേയിൽ നിയോജിക്കപ്പെട്ടിട്ടുള്ളവരും, ഈ ആക്ററ് ബാധകമാകുന്നവരും ആയ എല്ലാ ആളുകളെ സംബന്ധിച്ചും ഈ ആക്ററിന്റെ ആവശ്യങ്ങൾക്ക് ഇൻസ്പെക്ടർമാരെ നിയമിക്കാവുന്നതാണ്.

(3) സ്റ്റേററ് ഗവൺമെൻറിന്, യുക്തമെന്നു തോന്നുന്ന മററാളുകളെ ഈ ആക്ററിന്റെ ആവശ്യങ്ങൾക്ക്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഇൻസ്പെക്ടർമാരായി നിയമിക്കുകയും അവർ തങ്ങളുടെ ചുമതലകൾ നിർവഹിക്കേണ്ടത് ഏത് തദ്ദേശാതിർത്തികൾക്കുള്ളിലാണെന്നും ഏത് തരം ഫാക്ടറികളും വ്യാവസായികസ്ഥാപനങ്ങളും സംബന്ധിച്ചാണെന്നും നിർവ്വചിക്കുകയും ചെയ്യാവുന്നതാണ്.

(4) ഇൻസ്പെക്ടർക്ക്—

(ക) ഈ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലേയോ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് തിട്ടപ്പെടുത്തുന്നതിനായി യുക്തമെന്ന് തോന്നുന്ന വിസ്താരവും അന്വേഷണവിചാരണയും ചെയ്യാവുന്നതും;

(ഖ) ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി യുക്തമെന്ന് തോന്നുന്ന സഹായം വല്ലതും വേണമെങ്കിൽ അതോടുകൂടി ഏതെങ്കിലും റയിൽവേയുടേയോ ഫാക്റ്ററിയുടേയോ, വ്യാവസായികസ്ഥാപനത്തിന്റെയോ ഏതെങ്കിലും പരിസരങ്ങളിൽ ന്യായമായ ഏതു സമയത്തും പ്രവേശിക്കുകയും പരിശോധന നടത്തുകയും ശോധന ചെയ്യുകയും ചെയ്യാവുന്നതും;

(ഗ) ഏതെങ്കിലും റയിൽവേയിലോ ഫാക്റ്ററിയിലോ, വ്യാവസായിക സ്ഥാപനത്തിലോ നിയോജിക്കപ്പെട്ടിട്ടുള്ള ആളുകൾക്ക് കൂലികൊടുക്കുന്നതിന്റെ മേൽനോട്ടം വഹിക്കാവുന്നതും;

(ഘ) ഈ ആക്റ്റിനനുസൃതമായി വച്ചുപോരുന്ന ഏതെങ്കിലും രജിസ്റ്ററോ റിക്കാർഡോ, നിർണ്ണയിക്കപ്പെടുന്ന സ്ഥലത്ത് ഹാജരാക്കാൻ ലിഖിതമായ ഉത്തരവുവഴി ആവശ്യപ്പെടുകയും, ഏതെങ്കിലും ആളുകളുടെ, ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പാക്കുന്നതിന് ആവശ്യമാണെന്ന് താൻ കരുതുന്ന, സ്റ്റേറ്റുമെന്റുകൾ സ്ഥലത്തുവച്ചോ അല്ലാതെയോ എടുക്കാവുന്നതും;

(ങ) നിയോജകൻ ചെയ്തിട്ടുള്ളതാണെന്ന് തനിക്ക് വിശ്വസിക്കാൻ കാരണമുള്ള, ഈ ആക്റ്റിൻകീഴിലെ ഒരു കുററം സംബന്ധിച്ച്, പ്രസക്തമാണെന്ന് താൻ കരുതുന്ന രജിസ്റ്ററുകളോ, രേഖകളോ അവയുടെ ഭാഗങ്ങളോ പിടിച്ചെടുക്കുകയോ, അവയുടെ പകർപ്പുകൾ എടുക്കുകയോ ചെയ്യാവുന്നതും;

(ച) നിർണ്ണയിക്കപ്പെടുന്ന മററ് അധികാരങ്ങൾ പ്രയോഗിക്കാവുന്നതും,

ആണ്:

എന്നാൽ ഈ ഉപവകുപ്പിൻകീഴിൽ യാതൊരാളും തന്നെ കുററത്തിന് ഉത്തരവാദിയാക്കാൻ പ്രവണതയുള്ളവിധം ഏതെങ്കിലും ചോദ്യത്തിന് ഉത്തരം പറയാനോ ഏതെങ്കിലും സ്റ്റേറ്റുമെന്റ് കൊടുക്കാനോ നിർബന്ധിക്കപ്പെടാൻ പാടുള്ളതല്ല.

(4ക) ക്രിമിനൽ നടപടി നിയമസംഹിത, 1898 (1898-ലെ 5)-ലെ വ്യവസ്ഥകൾ, ആകുന്നത്ര, ആ നിയമസംഹിത 98-ാം വകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന ഒരു വാറണ്ടിന്റെ പ്രാധികാരത്തിൻകീഴിൽ ചെയ്യുന്ന ഏതെങ്കിലും ശോധനയ്ക്കോ പിടിച്ചെടുക്കലിനോ ബാധകമാകുന്നതുപോലെ, ഈ ഉപവകുപ്പിൻകീഴിലുള്ള ഏതെങ്കിലും ശോധനയ്ക്കോ പിടിച്ചെടുക്കലിനോ ബാധകമാകുന്നതാണ്.

(5) ഏതൊരു ഇൻസ്പെക്റ്ററും ഇൻഡ്യൻ ശിക്ഷാനിയമസംഹിതയുടെ (1860-ലെ 45) അർത്ഥത്തിൽ പബ്ലിക്ക് സർവൻറായി കരുതപ്പെടുന്നതാകുന്നു.

14ക. ഇൻസ്പെക്റ്റർമാർക്ക് നല്കേണ്ട സൗകര്യങ്ങൾ:—ഏതൊരു നിയോജകനും, ഇൻസ്പെക്റ്റർക്ക് ഈ ആക്റ്റിൻകീഴിലുള്ള ഏതെങ്കിലും പ്രവേശനത്തിനോ പരിശോധനയ്ക്കോ, മേൽനോട്ടത്തിന്നോ, വിസ്താരത്തിന്നോ അന്വേഷണവിചാരണയ്ക്കോ ആയി ന്യായമായ എല്ലാ സൗകര്യങ്ങളും നല്കേണ്ടതാകുന്നു.

15. കൂലിയിൽനിന്നുള്ള കിഴിവുകളിൽനിന്നോ, കൂലികൊടുക്കുന്നതിനുള്ള കാലതാമസത്തിൽനിന്നോ ഉത്ഭവിക്കുന്ന അവകാശവാദങ്ങളും, ദുരുദ്ദേശപരമായതോ ശല്യമുണ്ടാക്കുന്നതോ ആയ അവകാശവാദങ്ങൾക്കുള്ള ദണ്ഡനവും:—(1) സ്റ്റേററ് ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, വ്യാവസായിക തർക്കങ്ങൾ ആക്ററ്, 1947 (1947-ലെ14)-ൻ കീഴിലോ, വ്യാവസായിക തർക്കങ്ങൾ അന്വേഷണം നടത്തുകയും ഒത്തുതീർപ്പാക്കുകയും ചെയ്യുന്നത് സംബന്ധിച്ച് സ്റ്റേററിൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും തൽസ്ഥാനീയ നിയമത്തിൻകീഴിലോ ഏർപ്പെടുത്തപ്പെട്ട ഏതെങ്കിലും തൊഴിൽക്കോടതിയുടേയോ വ്യാവസായിക ട്രിബ്യൂണലിൻേറയോ അദ്ധ്യക്ഷതവഹിക്കുന്ന ഉദ്യോഗസ്ഥനേയോ ഏതെങ്കിലും തൊഴിലാളികളുടെ നഷ്ടപരിഹാരത്തിനുള്ള കമ്മീഷണറേയോ, സിവിൽ കോടതിയിലെ ജഡ്ജിയെന്ന നിലയിലോ, സ്റ്റൈപ്പെൻഡറി മജിസ്ട്രേററന്ന നിലയിലോ പരിചയം സിദ്ധിച്ചിട്ടുള്ള മററ് ഉദ്യോഗസ്ഥനേയോ, ഏതെങ്കിലും വിനിർദ്ദിഷ്ട പ്രദേശത്തേയ്ക്ക്, ആ പ്രദേശത്തിൽ നിയോജിക്കപ്പെട്ടിട്ടുള്ളവരോ അവിടെ കൂലികൊടുക്കപ്പെടുന്നവരോ ആയ ആളുകളുടെ കൂലിയിൽ നിന്നുള്ള കിഴിവുകളിൽനിന്നോ കൂലി കൊടുക്കുന്നതിനുള്ള കാലതാമസത്തിൽനിന്നോ ഉദ്ഭവിക്കുന്ന എല്ലാ അവകാശവാദങ്ങളും, അങ്ങനെയുള്ള അവകാശവാദങ്ങൾക്കു ആനുഷംഗികമായ എല്ലാ വിഷയങ്ങളും ഉൾപ്പെടെ, കേട്ടു തീരുമാനിക്കാനുള്ള അധികാരസ്ഥാനമായി നിയമിക്കാവുന്നതാണ്:

എന്നാൽ ഏതെങ്കിലും വിനിർദ്ദിഷ്ടപ്രദേശത്തേക്ക് ഒന്നിലധികം അധികാരസ്ഥാനങ്ങളെ നിയമിക്കുകയും, ഈ ആക്ററിൻകീഴിൽ അവർ നിർവ്വഹിക്കേണ്ട പ്രവൃത്തി സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവ് വഴി വീതിക്കുകയോ തിരിച്ചുവയ്ക്കുകയോ ചെയ്യുന്നതിന് വ്യവസ്ഥചെയ്യുകയും ചെയ്യുന്നത് ആവശ്യമാണെന്ന് സ്റ്റേററ് ഗവൺമെൻറിന് തോന്നുന്നുവെങ്കിൽ, അതിന് അപ്രകാരം ചെയ്യാവുന്നതാണ്.

(2) ഈ ആക്ററിലെ വ്യവസ്ഥകൾക്ക് വിപരീതമായി, ഏതെങ്കിലും കിഴിവ് നിയോജിക്കപ്പെട്ടിട്ടുള്ള ആളുടെ കൂലിയിൽനിന്ന് ചെയ്യുകയോ ഏതെങ്കിലും കൂലി കൊടുക്കുന്നതിന് കാലതാമസം വരുത്തുകയോ ചെയ്തിട്ടുള്ളിടത്ത്, അങ്ങനെയുള്ള ആൾക്ക് തന്നെയോ, അയാൾക്കുവേണ്ടി പ്രവർത്തിക്കാൻ ലിഖിതമായി പ്രാധികാരം നല്കപ്പെട്ടിട്ടുള്ള ഏതെങ്കിലും അഭിഭാഷകനോ, രജിസ്ടേർഡ് ട്രേഡ്‌യൂണിയൻ ഉദ്യോഗസ്ഥനോ, ഈ ആക്ററിൻകീഴിലെ ഏതെങ്കിലും ഇൻസ്പെക്ടർക്കോ, (1)-ാം ഉപവകുപ്പിൻകീഴിൽ നിയമിക്കപ്പെട്ട അധികാരസ്ഥാനത്തിൻെറ അനുവാദത്തോടുകൂടി പ്രവർത്തിക്കുന്ന മറേറതെങ്കിലും ആൾക്കോ, അങ്ങനെയുള്ള അധികാരസ്ഥാനത്തേയ്ക്ക് (3)-ാം ഉപവകുപ്പിൻകീഴിലുള്ള ഒരു നിദേശത്തിന് അപേക്ഷിക്കാവുന്നതാണ്:

എന്നാൽ അങ്ങനെയുള്ള ഏതൊരു അപേക്ഷയും, അതതു സംഗതിപോലെ, കൂലിയിൽനിന്നുള്ള കിഴിവ് ചെയ്ത തീയതിതൊട്ടോ, കൂലികൊടുക്കേണ്ടതായിരുന്ന തീയതിതൊട്ടോ പന്ത്രണ്ടുമാസത്തിനുള്ളിൽ ബോധിപ്പിക്കേണ്ടതാണ്:

എന്നുമാത്രമല്ല, ഏതെങ്കിലും അപേക്ഷ അപേക്ഷകൻ അങ്ങനെയുള്ള കാലാവധിക്കുള്ളിൽ അപേക്ഷ കൊടുക്കാതിരിക്കുന്നതിന് തനിക്ക് മതിയായ കാരണമുണ്ടായിരുന്നു എന്ന് അധികാരസ്ഥാനത്തെ ബോദ്ധ്യപ്പെടുത്തുമ്പോൾ, മുൻപറഞ്ഞ പന്ത്രണ്ടുമാസക്കാലാവധിക്കുശേഷം സ്വീകരിക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പിൻകീഴിലുള്ള ഏതെങ്കിലും അപേക്ഷ പരിഗണനയ്ക്കായി സ്വീകരിച്ചിട്ടുള്ളപ്പോൾ, അധികാരസ്ഥാനം, അപേക്ഷകനും നിയോജകനും, അല്ലെങ്കിൽ 3-ാം വകുപ്പിൻകീഴിൽ കൂലി കൊടുക്കാൻ ഉത്തരവാ

ദിയായ മററ് ആരെക്കും പറയാനുള്ളത് കേൾക്കുകയോ അവർക്ക് പറയാനുള്ളത് പറയാൻ അവസരം നല്കുകയോ ചെയ്യേണ്ടതും, ആവശ്യമായ കൂടുതൽ അന്വേഷണത്തിനുശേഷം (വല്ലതും ഉണ്ടെങ്കിൽ) അങ്ങനെയുള്ള നിയോജകനോ; മററ് ആളോ, ഈ ആക്ററിൻകീഴിൽ വിധേയനായേക്കാവുന്ന മറേറതെങ്കിലും ശിക്ഷണത്തിന് ഭംഗംവരാതെ, നിയോജിക്കപ്പെട്ടിട്ടുള്ള ആൾക്ക് കിഴിവുചെയ്ത തുക റീഫണ്ട് ചെയ്യുകയോ, കാലതാമസം വരുത്തിയ കൂലി കൊടുക്കുകയോ ചെയ്യുകയും അതോടൊപ്പം അധികാരസ്ഥാനത്തിന് യുക്തമെന്ന് തോന്നുന്നതും, ആദ്യത്തെ സംഗതിയിൽ കിഴിവുചെയ്ത തുകയുടെ പത്തിരട്ടിയിൽ കവിയാത്തതും പിന്നത്തെ സംഗതിയിൽ ഇരുപത്തിയഞ്ചു രൂപയിൽ കവിയാത്തതും ആയ നഷ്ടപരിഹാരം കൊടുക്കുകയും ചെയ്യാൻ നിദേശിക്കാവുന്നതും, കിഴിവു ചെയ്ത തുകയോ, കാലതാമസം വരുത്തിയ കൂലിയോ അപേക്ഷ തീർപ്പാക്കുന്നതിനുമുമ്പ് കൊടുക്കുന്നുവെന്നിരുന്നാലും, അധികാരസ്ഥാനത്തിന് യുക്തമെന്ന് തോന്നുന്നതും ഇരുപത്തഞ്ചു രൂപയിൽ കവിയാത്തതുമായ നഷ്ട പരിഹാരം നല്കാൻ നിദേശിക്കാവുന്നതും ആണ്:

എന്നാൽ കാലതാമസം വരുത്തിയ കൂലിയുടെ സംഗതിയിൽ, ആ കാലതാമസം—

(ക) നിയോജിക്കപ്പെട്ടിട്ടുള്ള ആൾക്ക് കൊടുക്കേണ്ട തുക സംബന്ധിച്ച് ഉത്തമവിശ്വാസപൂർവ്വകമായ തെറേറാ ഉത്തമവിശ്വാസപൂർവ്വകമായ തർക്കമോ; അല്ലെങ്കിൽ

(ഖ) കൂലി കൊടുക്കാൻ ഉത്തരവാദിയായ ആൾക്ക് ന്യായമായ ശ്രദ്ധ ചെലുത്തിയെങ്കിലും ശരിയായ സമയത്ത് പണം കൊടുക്കാൻ കഴിയാതിരിക്കത്തക്കവിധം അടിയന്തരാവസ്ഥ ഉണ്ടായതോ അസാധാരണമായ പരിതസ്ഥിതികൾ നിലവിലിരുന്നതോ; അല്ലെങ്കിൽ

(ഗ) നിയോജിക്കപ്പെട്ടിട്ടുള്ള ആൾ, പണം കിട്ടാൻ അപേക്ഷിക്കുകയോ പണം സ്വീകരിക്കുകയോ ചെയ്യാതിരുന്നതോ,

കാരണമായിരുന്നു എന്നു അധികാരസ്ഥാനത്തിന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ നഷ്ടപരിഹാരം കൊടുക്കാനുള്ള യാതൊരു നിദേശവും ചെയ്യാൻ പാടുള്ളതല്ല.

(4) ഈ വകുപ്പിൻകീഴിൽ അപേക്ഷ കേൾക്കുന്ന അധികാരസ്ഥാനത്തിന്—

(ക) അപേക്ഷ ദുരുദ്ദേശപരമോ ശല്യമുണ്ടാക്കുന്നതോ ആയിരുന്നുവെന്ന് ബോദ്ധ്യപ്പെടുന്നു എങ്കിൽ, അപേക്ഷ ബോധിപ്പിക്കുന്ന ആൾ നിയോജകനോ, കൂലി കൊടുക്കാൻ ഉത്തരവാദിയായ മററ് ആൾക്കോ അമ്പതു രൂപയിൽ കവിയാത്ത ദണ്ഡനത്തുക കൊടുക്കണമെന്ന് ആ അധികാരസ്ഥാനത്തിന് നിദേശിക്കാവുന്നതും;

(ഖ) (3)-ാം ഉപവകുപ്പിൻകീഴിൽ നഷ്ടപരിഹാരം കൊടുക്കാൻ നിദേശിച്ചിട്ടുള്ള ഏതെങ്കിലും സംഗതിയിൽ, ഈ വകുപ്പിൻകീഴിൽ നിവൃത്തിതേടാൻ അപേക്ഷകൻ നിർബ്ബന്ധിക്കപ്പെടാൻ പാടില്ലായിരുന്നുവെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ നിയോജകനോ കൂലികൊടുക്കാൻ ഉത്തരവാദിയായ മററ് ആളോ അമ്പതു രൂപയിൽ കവിയാത്ത ദണ്ഡനത്തുക സ്റേററ് ഗവൺമെൻറിന് കൊടുക്കണമെന്ന് ആ അധികാരസ്ഥാനത്തിന് നിദേശിക്കാവുന്നതും ആകുന്നു.

(4ക) നിയോജകൻേറയോ, നിയോജിക്കപ്പെട്ടിട്ടുള്ള ആളുടേയോ നിയമാനുസൃത പ്രതിനിധിയോ, നിയമാനുസൃത പ്രതിനിധികളോ ആയിട്ടുള്ള ആളെയോ ആളുകളേയോ കുറിച്ച് ഏതെങ്കിലും തർക്കം ഉള്ളിടത്ത്, അങ്ങനെയുള്ള തർക്കത്തിൽ ആ അധികാരസ്ഥാനത്തിൻെറ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

(4ഖ) ഈ വകുപ്പിൻകീഴിലെ ഏതു അന്വേഷണ വിചാരണയും ഇൻഡ്യൻ ശിക്ഷാനിയമസംഹിത, (1860-ലെ 45) 193, 219, 228 എന്നീ വകുപ്പുകളുടെ അർത്ഥത്തിൽ ജുഡീഷ്യൽ നടപടിയായി കരുതപ്പെടുന്നതാകുന്നു.

(5) ഈ വകുപ്പിൻകീഴിൽ കൊടുക്കാൻ നിദേശിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും തുക—

(ക) അധികാരസ്ഥാനം മജിസ്ട്രേട്ടാണെങ്കിൽ, അത് ഒരു മജിസ്ട്രേട്ടെന്ന നിലയിൽ താൻ ചുമത്തിയ പിഴയായിരുന്നാലെന്നപോലെ ആ അധികാരസ്ഥാനത്താലും;

(ഖ) അധികാരസ്ഥാനം മജിസ്ട്രേട്ടല്ലെങ്കിൽ, അധികാരസ്ഥാനം ഇതിലേക്ക് അപേക്ഷ കൊടുക്കുന്നത് ഏത് മജിസ്ട്രേട്ടിനാണോ, ആ മജിസ്ട്രേട്ട് ചുമത്തിയ പിഴയായിരുന്നാലെന്നപോലെ, അദ്ദേഹത്താലും വസൂലാക്കപ്പെടാവുന്നതാണ്.

16. കൂലി കിട്ടിയിട്ടില്ലാത്ത ഗ്രൂപ്പിൽനിന്നുള്ള അവകാശവാദങ്ങൾ സംബന്ധിച്ച് ഒററ അപേക്ഷ.— (1) നിയോജിക്കപ്പെട്ടിട്ടുള്ള ആളുകൾ ഒരേ എസ്ററാബ്ലിഷ്മെൻറിൽ ഉൾപ്പെട്ടവരായിരിക്കുകയും, ഈ ആക്ററ് ഉല്ലംഘിച്ചുകൊണ്ട് അവരുടെ കൂലിയിൽനിന്ന് ഒരേ കാരണത്തിനും ഒരേ കൂലിക്കാലാവധിയിലും അല്ലെങ്കിൽ കൂലിക്കാലാവധികളിലും കിഴിവുകൾ ചെയ്തിരിക്കുകയോ ഒരേ കൂലിക്കാലാവധിയിലേയോ കൂലിക്കാലാവധികളിലേയോ അവരുടെ കൂലി 5-ാം വകുപ്പ് നിജപ്പെടുത്തുന്ന ദിവസത്തിനുശേഷം കിട്ടാതിരുന്നിരിക്കുകയോ ചെയ്യുകയും ചെയ്യുന്നുവെങ്കിൽ അവർ ഒരേ കൂലി കിട്ടിയിട്ടില്ലാത്ത ഗ്രൂപ്പിൽ പെടുന്നവരായി പറയപ്പെടുന്നു.

(2) ഒരേ കൂലി കിട്ടിയിട്ടില്ലാത്ത ഗ്രൂപ്പിൽ ഉൾപ്പെടുന്ന എത്രയെങ്കിലും നിയോജിക്കപ്പെട്ടിട്ടുള്ള ആളുകൾക്കുവേണ്ടിയോ അവരെ സംബന്ധിച്ചോ 15-ാം വകുപ്പിൻകീഴിൽ ഒററ അപേക്ഷ ബോധിപ്പിക്കാവുന്നതും, അങ്ങനെയുള്ള സംഗതിയിൽ ആർക്കുവേണ്ടിയാണോ അങ്ങനെയുള്ള അപേക്ഷ ബോധിപ്പിക്കുന്നത്, അങ്ങനെയുള്ള ഏതൊരാൾക്കും 15-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്നത്ര പരമാവധി നഷ്ടപരിഹാരം അവാർഡുചെയ്യാവുന്നതും ആണ്.

(3) അധികാരസ്ഥാനത്തിന്, ഒരേ കൂലി കിട്ടിയിട്ടില്ലാത്ത ഗ്രൂപ്പിൽ ഉൾപ്പെടുന്ന ആളുകളെ സംബന്ധിച്ച് 15-ാം വകുപ്പിൻകീഴിൽ ബോധിപ്പിക്കപ്പെടുന്നതും നിലവിലിരിക്കുന്നതുമായ എത്രയെങ്കിലും വെവ്വേറെ അപേക്ഷകളെ, ഈ വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ ബോധിപ്പിക്കപ്പെട്ട ഒററ അപേക്ഷയെന്നപോലെ കൈകാര്യം ചെയ്യാവുന്നതും, അതനുസരിച്ച് ആ ഉപവകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്നതും ആണ്.

17. അപ്പീൽ.— (1) 15-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ കൊടുക്കുന്ന അപേക്ഷ മുഴുവനായോ ഭാഗികമായോ തള്ളിക്കളഞ്ഞുകൊണ്ടുള്ള ഉത്തരവിനെതിരായോ, അല്ലെങ്കിൽ ആ വകുപ്പ് (3)-ാം ഉപവകുപ്പിനോ (4)-ാം ഉപവകുപ്പിനോ കീഴിൽ നല്കുന്ന നിദേശത്തിനെതിരായോ ഉള്ള അപ്പീൽ ഒരു പ്രസിഡൻസി ടൗണിൽ സ്മാൾകാസ് കോടതി മുമ്പാകെയും മററുള്ളിടത്ത് ജില്ലാ കോടതി മുമ്പാകെയും ആ ഉത്തരവോ നിദേശമോ നല്കിയ തീയതിയുടെ മുപ്പത് ദിവസത്തിനുള്ളിൽ—

(ക) കൂലിയും നഷ്ടപരിഹാരവും ആയി കൊടുക്കാൻ നിദേശിച്ചിട്ടുള്ള ആകെ തുക മുന്നൂറു രൂപയിൽ കവിയുകയോ അല്ലെങ്കിൽ അങ്ങനെയുള്ള നിദേശത്തിന് നിയോജകൻെറയോ, 3-ാം വകുപ്പിൻകീഴിൽ കൂലി കൊടുക്കാൻ ഉത്തരവാദിയായ മററ് ആളുടേയോ മേൽ ആയിരം രൂപയിൽ കവിയുന്ന ധനബാദ്ധ്യത ചുമത്തുന്ന ഫലമുണ്ടായിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, നിയോജകനോ;

(ഖ) നിയോജിക്കപ്പെട്ടിട്ടുള്ള ആറാക്ക് നല്കാതിരുന്നിട്ടുള്ളതായി അവകാശപ്പെടുന്ന കൂലിയുടെ ആകെ തുക ഇരുപതു രൂപയിൽ കവിയുകയോ, നിയോജിക്കപ്പെട്ടിട്ടുള്ള ആറം പെടുന്നതോ പെട്ടിരുന്നതോ ആയ കൂലി കിട്ടിയിട്ടില്ലാത്ത ഗ്രൂപ്പിന് നല്കാതിരുന്നിട്ടുള്ളതായി അവകാശപ്പെടുന്ന കൂലിയുടെ ആകെ തുക അമ്പതു രൂപയിൽ കവിയുകയോ ചെയ്യുന്നുവെങ്കിൽ, ആ നിയോജിക്കപ്പെട്ടിട്ടുള്ള ആറാക്കോ, അയാറാക്കുവേണ്ടി പ്രവർത്തിക്കാൻ ലിഖിതമായി പ്രാധികാരം നല്കപ്പെട്ടിട്ടുള്ള ഏതെങ്കിലും അഭിഭാഷകനോ രജിസ്ടേർഡ് ട്രേഡ്യൂണിയൻ ഉദ്യോഗസ്ഥനോ, ഈ ആക്ററിൻകീഴിലെ ഏതെങ്കിലും ഇൻസ്പെക്ടർക്കോ, 15-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ അപേക്ഷ കൊടുക്കാൻ അധികാരസ്ഥാനത്താൽ അനുവദിക്കപ്പെട്ട മറേറതെങ്കിലും ആറാക്കോ ;

(ഗ) 15-ാം വകുപ്പ് (4)-ാം ഉപവകുപ്പിൻകീഴിൽ ദണ്ഡനത്തുക കൊടുക്കാൻ നിദേശിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ആറാക്കോ,

കൊടുക്കാവുന്നതാണ്.

(1ക) (1)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൻ കീഴിലുള്ള യാതൊരു അപ്പീലും അപ്പീൽവാദി, അപ്പീൽ ഏത് നിദേശത്തിന് എതിരായുള്ളതാണോ, ആ നിദേശത്തിൻകീഴിൽ കൊടുക്കേണ്ട തുക ഡെപ്പോസിററ് ചെയ്തിട്ടുണ്ടെന്നതിനുള്ള അധികാരസ്ഥാനത്താലുള്ള ഒരു സർട്ടിഫിക്കററ് അപ്പീൽ മെമ്മോറാണ്ടത്തോടൊപ്പം ഇല്ലാത്തപക്ഷം, നിലനില്ക്കുന്നതല്ല.

(2) 15-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ കൊടുക്കുന്ന അപേക്ഷയോ, ആ വകുപ്പ് (3)-ാം ഉപവകുപ്പിനോ (4)-ാം ഉപവകുപ്പിനോ കീഴിൽ നല്കുന്ന നിദേശമോ മുഴുവനായോ ഭാഗികമായോ തള്ളിക്കളയുന്ന ഏതെങ്കിലും ഉത്തരവ് (1)-ാം ഉപവകുപ്പിൽ വ്യവസ്ഥചെയ്തിട്ടുള്ള വിധമൊഴികെ, അന്തിമമായിരിക്കുന്നതാണ്.

(3) നിയോജകൻ ഈ വകുപ്പിൻകീഴിൽ അപ്പീൽ കൊടുക്കുന്നിടത്ത്, ഏത് അധികാരസ്ഥാനത്തിൻെറ തീരുമാനത്തിനെതിരായാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ അധികാരസ്ഥാനത്തിന് അപ്പീൽ തീരുമാനമാകുന്നതുവരെ, അതിൻെറ പക്കൽ ഡെപ്പോസിററ് ചെയ്തിട്ടുള്ള ഏതെങ്കിലും തുക നല്കാതെയിരിക്കാവുന്നതും, (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള കോടതി നിദേശിക്കുന്നുവെങ്കിൽ, അധികാരസ്ഥാനം അപ്രകാരം നല്കാതിരിക്കേണ്ടതും, ആകുന്നു.

(4) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള കോടതിക്ക് യുക്തമെന്ന് തോന്നുന്നു എങ്കിൽ, ഏതെങ്കിലും നിയമപ്രശ്നം ഹൈക്കോടതിയുടെ തീരുമാനത്തിന് സമർപ്പിക്കാവുന്നതും, അപ്രകാരം ചെയ്യുന്നുവെങ്കിൽ അതു ആ പ്രശ്നം അങ്ങനെയുള്ള തീരുമാനത്തിനനുരൂപമായി തീരുമാനിക്കേണ്ടതും, ആകുന്നു.

17ക. <u>നിയോജകൻെറയോ കൂലി കൊടുക്കാൻ ഉത്തരവാദിയായ മററ് ആളുടേയോ വസ്തുവിൻെറ സോപാധികമായ ജപ്തി.</u> — (1) 15-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ ഒരു അപേക്ഷ കൊടുത്തതിനുശേഷമുള്ള ഏതെങ്കിലും സമയത്ത്, ആ അധികാരസ്ഥാനത്തിനോ, നിയോജിക്കപ്പെട്ടിട്ടുള്ള ആളോ അയാറാക്കുവേണ്ടി പ്രവർത്തിക്കാൻ ലിഖിതമായി പ്രാധികാരം നല്കപ്പെട്ടിട്ടുള്ള ഏതെങ്കിലും അഭിഭാഷകനോ, ഒരു രജിസ്ടേർഡ് ട്രേഡ് യൂണിയൻ ഉദ്യോഗസ്ഥനോ, ഈ ആക്ററിൻകീഴിലെ ഏതെങ്കിലും ഇൻസ്പെക്ടറോ, 15-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ അപേക്ഷ കൊടുക്കാൻ ആ അധികാരസ്ഥാനത്താൽ അനുവദിക്കപ്പെട്ടിട്ടുള്ള മറേറതെങ്കിലും ആളോ 17-ാം വകുപ്പിൻ

കീഴിൽ അപ്പീൽ ഫയൽചെയ്തതിനുശേഷമുള്ള ഏതെങ്കിലും സമയത്ത് ആ വകുപ്പിൽ പരാമർശിച്ചിട്ടുള്ള കോടതിക്കോ, നിയോജകനോ 3-ാം വകുപ്പിൻ കീഴിൽ കൂലി കൊടുക്കാൻ ഉത്തരവാദിയായ മററ് ആളോ, 15-ാം വകുപ്പിനോ 17-ാം വകുപ്പിനോ കീഴിൽ കൊടുക്കാൻ നിദേശിക്കപ്പെടുന്ന ഏതെങ്കിലും തുക കൊടുക്കാതെ കഴിക്കാൻ ഇടയുണ്ടെന്ന് ബോദ്ധ്യപ്പെടുന്നു എങ്കിൽ, അതതു സംഗതിപോലെ, അധികാരസ്ഥാനത്തിനോ, കോടതിക്കോ, കാലതാമസം നീതിയുടെ ലക്ഷ്യങ്ങൾ പരാജയപ്പെടുത്തുമെന്ന് അതിന് അഭിപ്രായമുള്ള സംഗതികളിലൊഴികെ, നിയോജകനോ മററ് ആൾക്കോ പറയുവാനുള്ളത് പറയാൻ അവസരം നല്കിയതിനുശേഷം, ആ നിദേശത്തിൻകീഴിൽ കൊടുക്കാനുണ്ടായേക്കാവുന്ന തുക കൊടുത്തുതീർക്കാൻ അധികാരസ്ഥാനത്തിന്റേയോ കോടതിയുടേയോ അഭിപ്രായത്തിൽ മതിയാകുന്നിടത്തോളമുള്ള, നിയോജകന്റേയോ, കൂലി കൊടുക്കാൻ ഉത്തരവാദിയായ മററ് ആളുടേയോ വസ്തു ജപ്തിചെയ്യുവാൻ നിദേശിക്കാവുന്നതാണ്.

(2) വിധിക്കുമുമ്പുള്ള ജപ്തിസംബന്ധിച്ചുള്ള സിവിൽ നടപടി നിയമസംഹിത, 1908(1908-ലെ 5)-ലെ വ്യവസ്ഥകൾ, ആകുന്നിടത്തോളം, (1)-ാം ഉപവകുപ്പിൻകീഴിലെ ജപ്തിക്കുള്ള ഏത് ഉത്തരവിനും ബാധകമാകുന്നതാണ്.

18. <u>15-ാം വകുപ്പിൻകീഴിൽ നിയമിക്കപ്പെടുന്ന അധികാരസ്ഥാനങ്ങളുടെ അധികാരങ്ങൾ.</u> — 15-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ നിയമിക്കപ്പെടുന്ന ഏതൊരു അധികാരസ്ഥാനത്തിനും, തെളിവെടുക്കുന്നതിനും സാക്ഷികളെ ഹാജരാക്കിക്കുന്നതിനും, രേഖകൾ ഹാജരാക്കാൻ നിർബന്ധിക്കുന്നതിനും വേണ്ടി സിവിൽ നടപടിനിയമസംഹിത, 1908(1908-ലെ 5)-ൻകീഴിൽ സിവിൽ ക്കോടതിക്കുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതും, അങ്ങനെയുള്ള ഏതൊരു അധികാരസ്ഥാനവും ക്രിമിനൽനടപടിനിയമസംഹിത, 1898 (1898-ലെ 5)-ലെ 195-ാം വകുപ്പിന്റേയും XXXV-ാം അദ്ധ്യായത്തിന്റേയും എല്ലാആവശ്യങ്ങൾക്കും സിവിൽക്കോടതിയായി കരുതപ്പെടുന്നതും, ആകുന്നു.

19. [റദ്ദാക്കപ്പെട്ടു]

20. <u>ആക്ററിൻകീഴിലെ കുററങ്ങൾക്കുള്ള ദണ്ഡനം.</u> — (1) നിയോജിക്കപ്പെട്ടിട്ടുള്ള ആൾക്ക് കൂലി കൊടുക്കാൻ ഉത്തരവാദി ആയിരിക്കെ, താഴെപറയുന്ന വകുപ്പുകളിൽ, അതായത് 5-ാം വകുപ്പിലെ (4)-ാം ഉപവകുപ്പു ഒഴികെ ആ വകുപ്പ്, 7-ാം വകുപ്പ്, 8-ാം വകുപ്പിലെ (8)-ാം ഉപവകുപ്പൊഴികെ ആ വകുപ്പ്, 9-ാം വകുപ്പ്, 10-ാം വകുപ്പ് (2)-ാം ഉപവകുപ്പൊഴികെ ആ വകുപ്പ്, 11 മുതൽ 13 വരെ രണ്ടും ഉൾപ്പെടെയുള്ള വകുപ്പുകൾ, എന്നിവയിലെ വ്യവസ്ഥകളിൽ ഏതെങ്കിലും ഉല്ലംഘിക്കുന്ന ഏതൊരാളും അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(2) 4-ാം വകുപ്പിലേയോ 5-ാം വകുപ്പ് 4-ാം ഉപവകുപ്പിലേയോ, 6-ാം വകുപ്പിലേയോ, 8-ാം വകുപ്പ് (8)-ാം ഉപവകുപ്പിലേയോ 10-ാം വകുപ്പ് (2)-ാം ഉപവകുപ്പിലേയോ, 25-ാം വകുപ്പിലേയോ വ്യവസ്ഥകൾ ഉല്ലംഘിക്കുന്ന ഏതൊരാളും ഇരുന്നൂറു രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(3) ഈ ആക്ററിൻകീഴിൽ, ഏതെങ്കിലും റിക്കാർഡുകളോ രജിസ്ററുകളോ വച്ചുപോരുകയോ ഏതെങ്കിലും വിവരമോ റിട്ടേണോ നല്കുകയോ ചെയ്യേണ്ടതായിരിക്കേ—

(ക) അങ്ങനെയുള്ള രജിസ്ററോ, റിക്കാർഡോ വച്ചുപോരാതിരിക്കുകയോ ;

(ഖ) അങ്ങനെയുള്ള വിവരമോ, റിട്ടേണോ നല്കാൻ മനഃപൂർവ്വം വിസമ്മതിക്കുകയോ, നിയമാനുസൃതമായ ന്യായീകരണം കൂടാതെ ഉപേക്ഷ വരുത്തുകയോ ;

(ഗ) വ്യാജമാണെന്ന് തനിക്ക് അറിവുള്ള ഏതെങ്കിലും വിവരമോ റിട്ടേണോ മനഃപൂർവ്വം നല്കുകയോ നല്കാനിടയാക്കുകയോ ;

(ഘ) ഈ ആക്ററിൻകീഴിൽ നല്കേണ്ടതായ ഏതെങ്കിലും വിവരം ലഭിക്കുന്നതിന് ആവശ്യമായ ഏതെങ്കിലും ചോദ്യത്തിന് ഉത്തരം പറയാൻ വിസമ്മതിക്കുകയോ മനഃപൂർവ്വം വ്യാജമായ ഉത്തരംനല്കുകയോ ;

ചെയ്യുന്ന ഏതൊരാളും, അങ്ങനെയുള്ള ഓരോ കുററത്തിനും അഞ്ഞൂറു രൂപ യോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(4) ആരാണോ, (ക)—ഒരു ഇൻസ്പെക്ററെ ഈ ആക്ററിൻകീഴിലെ അയാളുടെ കർത്തവ്യങ്ങളുടെ നിർവ്വഹണത്തിൽ മനഃപൂർവ്വം തടസ്സപ്പെടുത്തുന്നത്, അല്ലെങ്കിൽ

(ഖ) ഒരു ഇൻസ്പെക്ടർക്ക് ഏതെങ്കിലും റയിൽവേയോ, ഫാക്ടറിയോ, വ്യാവസായികസ്ഥാപനമോ സംബന്ധിച്ച് ഈ ആക്ററിനാലോ ആക്ററിൻകീഴിലോ പ്രാധികാരം നല്കപ്പെട്ടിട്ടുള്ള ഏതെങ്കിലും പ്രവേശനത്തിനോ, പരിശോധനയ്ക്കോ, വിസ്താരത്തിനോ മേൽനോട്ടത്തിനോ അന്വേഷണ വിചാരണയ്ക്കോ ആയി ന്യായമായ ഏതെങ്കിലും സൗകര്യം നല്കാൻ വിസമ്മതിക്കുകയോ മനഃപൂർവ്വം ഉപേക്ഷ വരുത്തുകയോ ചെയ്യുന്നത്, അല്ലെങ്കിൽ

(ഗ) ഈ ആക്ററിനനുസൃതമായി വച്ചുപോരുന്ന ഏതെങ്കിലും രജിസ്ററോ മററ് രേഖയോ ഒരു ഇൻസ്പെക്ററർ ആവശ്യപ്പെടുമ്പോൾ ഹാജരാക്കാൻ മനഃപൂർവ്വം വിസമ്മതിക്കുന്നത്, അല്ലെങ്കിൽ

(ഘ) ഈ ആക്ററിൻകീഴിലെ തന്റെ കർത്തവ്യങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്ന ഒരു ഇൻസ്പെക്ടറുടെ മുമ്പാകെ ഹാജരാകുന്നതിൽനിന്നോ, അയാളാൽ വിസ്തരിക്കപ്പെടുന്നതിൽനിന്നോ ഏതെങ്കിലും ആളെ തടയുകയോ തടയാൻ ശ്രമിക്കുകയോ, തടയാൻ ഇടയുണ്ടെന്ന് തനിക്ക് വിശ്വസിക്കാൻ ഏതെങ്കിലും കാരണമുള്ള എന്തെങ്കിലും ചെയ്യുകയോ, ചെയ്യുന്നത്,

അങ്ങനെയുള്ള ഏതൊരാളും അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(5) ഈ ആക്ററിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററത്തിന് കുററസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും ആൾ, അതേ വ്യവസ്ഥയുടെ ഉല്ലംഘനം ഉൾക്കൊള്ളുന്ന ഒരു കുററത്തിന് വീണ്ടും അപരാധിയാകുന്നുവെങ്കിൽ, പിന്നീടുള്ള കുററസ്ഥാപനത്തിൻമേൽ, അയാൾ മൂന്നുമാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ, ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു:

എന്നാൽ, ഏതു കുററത്തിനാണോ ശിക്ഷിക്കപ്പെടുന്നത്, ആ കുററം ചെയ്ത വിവരം ഇൻസ്പെക്ടറുടെ അറിവിൽപ്പെട്ട തീയതിക്കു രണ്ടുവർഷത്തിലധികം മുമ്പ് ചെയ്ത ഏതെങ്കിലും കുററസ്ഥാപനം ഈ ഉപവകുപ്പിന്റെ ആവശ്യത്തിന്, പരിഗണിക്കപ്പെടുന്നതല്ല.

(6) ഏതെങ്കിലും ആൾ ഏതെങ്കിലും നിയോജിക്കപ്പെട്ടിട്ടുള്ള ആളുടെ കൂലി ഇതിലേയ്ക്കുള്ള അധികാരസ്ഥാനം നിശ്ചയിക്കുന്ന തീയതിക്കകം കൊടുക്കാതിരിക്കുകയോ കൊടുക്കാൻ മനഃപൂർവ്വം ഉപേക്ഷ വരുത്തുകയോ ചെയ്യുന്നുവെങ്കിൽ, അയാൾ അയാൾക്കെതിരായി എടുക്കപ്പെടാവുന്ന മറേറതെങ്കിലും നടപടിക്ക് ഭംഗംവരാതെ, അങ്ങനെയുള്ള കൊടുക്കാതിരിക്കലോ ഉപേക്ഷയോ തുടരുന്ന ഓരോ ദിവസത്തിനും അമ്പതു രൂപയോളമാകാവുന്ന കൂടുതൽ പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

21. കുററങ്ങളുടെ വിചാരണയിലെ നടപടിക്രമം.—(1) യാതൊരു കോടതിയും, ഏതെങ്കിലും ആരംക്കെതിരായി 20–ാം വകുപ്പ് (1)–ാം ഉപവകുപ്പിൻ കീഴിലുള്ള ഒരു കുററത്തിനുള്ള പരാതി, ആ കുററത്തെ ആ കുററമാക്കുന്ന വസ്തുതകരം സംബന്ധിച്ചുള്ള ഒരു അപേക്ഷ 15–ാം വകുപ്പിൻകീഴിൽ ബോധിപ്പിച്ചിരിക്കുകയും, അത് മുഴുവനായോ ഭാഗികമായോ അനുവദിക്കപ്പെട്ടിരിക്കുകയും, ഒടുവിൽ പറഞ്ഞ വകുപ്പിൻകീഴിൽ അധികാരപ്പെടുത്തപ്പെട്ട അധികാരസ്ഥാനമോ അങ്ങനെയുള്ള അപേക്ഷ അനുവദിക്കുന്ന അപ്പീൽക്കോടതിയോ ആ പരാതി കൊടുക്കുന്നതിന് അനുമതി നല്കിയിരിക്കുകയും ചെയ്യാത്ത പക്ഷം, നടപടിക്കെടുക്കാവുന്നതല്ല.

(2) ഏതെങ്കിലും ആരംക്കെതിരായി, 20–ാംവകുപ്പ് (1)–ാം ഉപവകുപ്പിൻ കീഴിലെ ഒരു കുററത്തിന് പരാതി കൊടുക്കുന്നതിനുള്ള അനുമതി നല്കുന്നതിനു മുമ്പായി, അതതു സംഗതിപോലെ, 15–ാംവകുപ്പിൻകീഴിൽ ആ അധികാരപ്പെടുത്തപ്പെട്ട അധികാരസ്ഥാനമോ, അപ്പീൽ കോടതിയോ, അങ്ങനെയുള്ള ആരംക്ക് അങ്ങനെയുള്ള അനുമതി നല്കുന്നതിനെതിരായി കാരണം കാണിക്കാൻ അവസരം നല്കേണ്ടതും, ആ അധികാരസ്ഥാനത്തേയോ കോടതിയേയോ തൻെറ വീഴ്ച,—

(ക) നിയോജിക്കപ്പെട്ടിട്ടുള്ള ആരംക്ക് കൊടുക്കേണ്ട തുക സംബന്ധിച്ചുള്ള ഉത്തമവിശ്വാസപൂർവ്വകമായ തെറേറാ ഉത്തമവിശ്വാസപൂർവ്വകമായ തർക്കമോ, അല്ലെങ്കിൽ

(ഖ) കൂലി കൊടുക്കാൻ ഉത്തരവാദിയായ ആരംക്ക്, ന്യായമായ ശ്രദ്ധ ചെലുത്തിയെങ്കിലും, ശരിയായ സമയത്ത് പണം കൊടുക്കാൻ കഴിയാതിരിക്കത്തക്കവിധം അടിയന്തിരാവസ്ഥ ഉണ്ടായതോ അസാധാരണമായ പരിതഃസ്ഥിതികരം നിലവിലിരുന്നതോ, അല്ലെങ്കിൽ

(ഗ) നിയോജിക്കപ്പെട്ടിട്ടുള്ള ആരം, പണം കിട്ടാൻ അപേക്ഷിക്കുകയോ പണം സ്വീകരിക്കുകയോ ചെയ്യാതിരുന്നതോ,

കാരണമായിരുന്നു എന്ന് ബോദ്ധ്യപ്പെടുത്തുന്നുവെങ്കിൽ, അനുമതി നല്കാൻ പാടില്ലാത്തതും ആകുന്നു.

(3) യാതൊരു കോടതിയും, ഈ ആക്ററിൻകീഴിലെ ഒരു ഇൻസ്പെക്ററോ, അയാളുടെ അനുമതിയോടുകൂടിയോ കൊടുക്കുന്ന പരാതിയിൻമേലൊഴികെ 4–ാം വകുപ്പിൻേറയോ 6–ാം വകുപ്പിൻേറയോ ഉല്ലംഘനമോ 24–ാം വകുപ്പിൻകീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിൻെറ ഉല്ലംഘനമോ നടപടിക്കെടുക്കാൻ പാടുള്ളതല്ല.

(3 ക) യാതൊരു കോടതിയും ഈ ആക്ററിൻകീഴിലെ ഒരു ഇൻസ്പെക്ററോ അയാളുടെ അനുമതിയോടുകൂടിയോ കൊടുക്കുന്ന പരാതിയിൻമേലൊഴികെ 20–ാം വകുപ്പ് (3)–ാം ഉപവകുപ്പിനോ (4)–ാം ഉപവകുപ്പിനോ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററം, നടപടിക്കെടുക്കാൻ പാടുള്ളതല്ല.

(4) 20–ാം വകുപ്പ് (1)–ാം ഉപവകുപ്പിൻ കീഴിലെ ഒരു കുററത്തിന് ഏതെങ്കിലും പിഴ ചുമത്തുന്നതിൽ, കോടതി 15–ാം വകുപ്പിൻ കീഴിൽ എടുക്കപ്പെട്ട ഏതെങ്കിലും നടപടികളിൽ, പ്രതിക്കെതിരായി അവാർഡ് ചെയ്തുകഴിഞ്ഞിട്ടുള്ള ഏതെങ്കിലും നഷ്ടപരിഹാരത്തിൻെറ തുക കണക്കിലെടുക്കേണ്ടതാകുന്നു.

22. വ്യവഹാര തടസ്സം.—യാതൊരു കോടതിയും, കൂലി വസൂലാക്കുന്നതിനോ കൂലിയിൽനിന്ന് ഏതെങ്കിലും കിഴിവ് ചെയ്യുന്നതിനോ ഉള്ള ഏതെങ്കിലും വ്യവഹാരം, അപ്രകാരം അവകാശപ്പെടുന്ന തുക—

(ക) വാദി ബോധിപ്പിച്ചിട്ടുള്ളതും 15-ാം വകുപ്പിൻകീഴിൽ നിയമിക്കപ്പെട്ടിട്ടുള്ള അധികാരസ്ഥാനത്തിന്റെ മുമ്പാകെ നിലവിലിരിക്കുന്നതും ആയ ആ വകുപ്പിൻകീഴിലെ ഒരു അപേക്ഷയ്ക്കോ 17-ാം വകുപ്പിൻകീഴിലെ ഒരു അപ്പീലിനോ വിഷയമാണെന്നിരിക്കുകയോ;

(ഖ) 15-ാം വകുപ്പിൻ കീഴിലെ വാദിക്കനുകൂലമായ ഒരു നിദേശത്തിന് വിഷയമായിട്ടുണ്ടെന്നിരിക്കുകയോ ;

(ഗ) വാദിക്ക് കൊടുക്കാനുള്ളതല്ലെന്ന് 15-ാം വകുപ്പിൻ കീഴിലെ ഏതെങ്കിലും നടപടിയിൽ ന്യായനിർണ്ണയം ചെയ്യപ്പെട്ടിരിക്കുകയോ ;

(ഘ) 15-ാം വകുപ്പിൻ കീഴിലെ അപേക്ഷ വഴി വസൂലാക്കപ്പെടാമായിരുന്നിരിക്കുകയോ,

ചെയ്യുന്നിടത്തോളം പരിഗണനയ്ക്കു സ്വീകരിക്കാവുന്നതല്ല.

22 ക. <u>ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്ന പ്രവൃത്തിക്കുള്ള സംരക്ഷണം.</u>—ഈ ആക്ററിൻകീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്നതോ ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ ഗവൺമെൻറിനോ ഗവൺമെൻറിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ എതിരായി യാതൊരു വ്യവഹാരവും പ്രാസിക്യൂഷനും അല്ലെങ്കിൽ മററ് നിയമനടപടിയും നിലനില്ക്കുന്നതല്ല.

23. <u>കാൺട്രാക്ററുവഴി ഒഴിഞ്ഞുമാറൽ.</u>—ഏത് കാൺട്രാക്ററോ, കരാറോ വഴിയാണോ നിയോജിക്കപ്പെട്ടിട്ടുള്ള ആരം ഈ ആക്ററു നല്കുന്ന ഏതെങ്കിലും അവകാശം വിട്ടുകൊടുക്കുന്നത്, അങ്ങനെയുള്ള ഏതെങ്കിലും കാൺട്രാക്ററോ, കരാറോ, അത് ഈ ആക്ററിന്റെ പ്രാരംഭത്തിനു മുമ്പോ പിമ്പോ ഉണ്ടാക്കിയതായിരുന്നാലും, അങ്ങനെയുള്ള അവകാശം അയാൾക്ക് ഇല്ലാതാക്കുന്നതായി കരുതപ്പെടുന്നിടത്തോളം അസാധുവും ശൂന്യവും ആയിരിക്കുന്നതാണ്.

24. <u>ആക്ററ് റയിൽവേയ്ക്കും, ഖനികൾക്കും, എണ്ണപ്പാടങ്ങൾക്കും ബാധകമാകുന്നത്.</u>—ഈ ആക്ററ് സ്റേററ് ഗവൺമെൻറിന് നല്കുന്ന അധികാരങ്ങൾ, റയിൽവേയും വ്യോമഗതാഗത സർവ്വീസുകളും ഖനികളും എണ്ണപ്പാടങ്ങളും സംബന്ധിച്ച് കേന്ദ്ര ഗവൺമെൻറിന് ആയിരിക്കുന്നതാണ്.

25. <u>ആക്ററിന്റെ അബ്സ്ട്രാക്ററുകൾ നോട്ടീസുവഴി പ്രദർശിപ്പിക്കൽ.</u>—ഫാക്ടറിയിൽ നിയോജിക്കപ്പെട്ടിട്ടുള്ള ആളുകൾക്ക് കൂലി കൊടുക്കാൻ ഉത്തരവാദിയായ ആരം, ഈ ആക്ററിൻേറയും അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളുടേയും നിർണ്ണയിക്കപ്പെടുന്നതും, ഇംഗ്ലീഷിലും ഫാക്ടറിയിൽ നിയോജിക്കപ്പെട്ടിട്ടുള്ള ആളുകളിൽ ഭൂരിപക്ഷത്തിന്റെ ഭാഷയിലും ഉള്ളതുമായ അബ്സ്ട്രാക്ററുകൾ അടങ്ങിയ നോട്ടീസ് പ്രദർശിപ്പിക്കേണ്ടതാകുന്നു.

26. <u>ചട്ടങ്ങളുണ്ടാക്കാനുള്ള അധികാരം.</u>—(1) സ്റേററ് ഗവൺമെൻറിന്, 15-ം 17-ം വകുപ്പുകളിൽ പരാമർശിച്ച അധികാരസ്ഥാനങ്ങളും കോടതികളും അനുവർത്തിക്കേണ്ട നടപടിക്രമം ക്രമപ്പെടുത്താൻ ചട്ടങ്ങളുണ്ടാക്കാവുന്നതാണ്.

(2) സ്റേററ് ഗവൺമെൻറിന്, ഈ ആക്ററിലെ വ്യവസ്ഥകൾ ഫലത്തിൽ കൊണ്ടുവരുന്നതിനുവേണ്ടി ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ചട്ടങ്ങളുണ്ടാക്കാവുന്നതാണ്.

(3) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, (2)-ാം ഉപവകുപ്പിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾക്ക്,—

(ക) ഈ ആക്ററ് പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ റിക്കാർഡുകളും, രജിസ്ററുകളും, റിട്ടേണുകളും, നോട്ടീസുകളും വച്ചുപോരാൻ ആവശ്യപ്പെടുകയും അതിന്റെ രൂപവും അങ്ങനെയുള്ള രജിസ്ററുകളിലോ, റിക്കാർഡുകളിലോ ചേർക്കേണ്ട വിവരങ്ങളും നിർണ്ണയിക്കുകയും ;

(ഖ) നിയോജനം നടത്തിക്കൊണ്ടു പോകുന്ന കെട്ടിട പരിസരങ്ങളിൽ നിയോജിക്കപ്പെട്ടിട്ടുള്ള ആളുകൾക്ക് കൊടുക്കേണ്ട കൂലിയുടെ നിരക്ക് വിനിർദ്ദേശിച്ചുകൊണ്ടുള്ള നോട്ടീസുകൾ ആ കെട്ടിടപരിസരങ്ങളിൽ ശ്രദ്ധയാകർഷിക്കത്തക്ക സ്ഥലത്ത് പ്രദർശിപ്പിക്കാൻ ആവശ്യപ്പെടുകയും ;

(ഗ) നിയോജകർ, തങ്ങൾ നിയോജിക്കുന്ന ആളുകളുടെ കൂലി ശരിയാണോ എന്നു നോക്കുന്നതിനോ തിട്ടപ്പെടുത്തുന്നതിനോ ഉപയോഗിക്കുന്ന തൂക്കങ്ങളുടേയും അളവുകളുടേയും തൂക്കാനുള്ള യന്ത്രങ്ങളുടേയും മുറപ്രകാരമുള്ള പരിശോധനയ്ക്ക് വ്യവസ്ഥ ചെയ്യുകയും ;

(ഘ) കൂലി കൊടുക്കുന്ന ദിവസങ്ങളെക്കുറിച്ചുള്ള നോട്ടീസ് നല്കുന്ന രീതി നിർണ്ണയിക്കുകയും ;

(ങ) ഏതു കൃത്യങ്ങളോ കൃത്യവിലോപങ്ങളോ സംബന്ധിച്ചാണോ പിഴകൾ ചുമത്താവുന്നത്, അവ 8–ാം വകുപ്പ് (1)–ാം ഉപവകുപ്പിൻകീഴിൽ അംഗീകരിക്കാൻ ക്ഷമതയുള്ള അധികാരസ്ഥാനത്തെ നിർണ്ണയിക്കുകയും ;

(ച) 8–ാം വകുപ്പിൻകീഴിൽ പിഴകൾ ചുമത്തുന്നതിനും 10–ാം വകുപ്പിൽ പരാമർശിച്ച കിഴിവുകൾ ചെയ്യുന്നതിനും ഉള്ള നടപടിക്രമം നിർണ്ണയിക്കുകയും ;

(ഛ) 9–ാംവകുപ്പ്(2)–ാംഉപവകുപ്പിന്റെ പരിമിതിവ്യവസ്ഥകൾക്കു കീഴിൽ ഏത് ഉപാധികൾക്ക് വിധേയമായാണോ കിഴിവുകൾ ചെയ്യാവുന്നത്, ആ ഉപാധികൾ നിർണ്ണയിക്കുകയും;

(ജ) പിഴകളിൽനിന്ന് കിട്ടുന്നത് ഏത് ആവശ്യങ്ങൾക്കു ചെലവഴിക്കേണ്ടതാണെന്ന് അംഗീകരിക്കാൻ ക്ഷമതയുള്ള അധികാരസ്ഥാനത്തെ നിർണ്ണയിക്കുകയും ;

(ഝ) 12–ാം വകുപ്പ് (ഖ) ഖണ്ഡം സംബന്ധിച്ച് മുൻകൂറുകൾ നല്കുന്നതിന്റെ വ്യാപ്തിയും അവ വസൂലാക്കാവുന്ന ഗഡുക്കളും നിർണ്ണയിക്കുകയും ;

(ഝ–ക) 12 ക വകുപ്പ് സംബന്ധിച്ച് കടങ്ങൾ നല്കാവുന്നതിന്റെ വ്യാപ്തിയും അവയിൻമേൽ നല്കേണ്ട പലിശനിരക്കും നിർണ്ണയിക്കുകയും;

(ഝ–ഖ) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക് ഇൻസ്പെക്റ്റർമാരുടെ അധികാരങ്ങൾ നിർണ്ണയിക്കുകയും;

(ഞ) ഈ ആക്റ്റിൻകീഴിലെ നടപടികളിൽ അനുവദിക്കാവുന്ന കോടതിച്ചെലവിന്റെ തോതുകൾ ക്രമപ്പെടുത്തുകയും ;

(ട) ഈ ആക്റ്റിൻകീഴിലെ ഏതെങ്കിലും നടപടികൾ സംബന്ധിച്ച് കൊടുക്കേണ്ട കോർട്ട്ഫീസിന്റെ തുക നിർണ്ണയിക്കുകയും ;

(ഠ) 25–ാം വകുപ്പ് ആവശ്യപ്പെടുന്ന നോട്ടീസിൽ അടങ്ങിയിരിക്കേണ്ട അബ്സ്ട്രാക്റ്റുകൾ നിർണ്ണയിക്കുകയും;

(ഡ) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും വിഷയത്തിന് വ്യവസ്ഥ ചെയ്യുകയും;

ചെയ്യാവുന്നതാണ്.

(4) ഈ വകുപ്പിൻകീഴിൽ ഏതെങ്കിലും ചട്ടം ഉണ്ടാക്കുന്നതിൽ, സ്റ്റേറ്റ് ഗവൺമെന്റിന്, ചട്ടത്തിന്റെ ഉല്ലംഘനത്തിന് ഇരുന്നൂറു രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

(5) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കുന്ന എല്ലാ ചട്ടങ്ങളും, മുൻകൂട്ടി പ്രസിദ്ധപ്പെടുത്തണമെന്ന ഉപാധിക്ക് വിധേയമായിരിക്കുന്നതും, സാമാന്യ ഖണ്ഡങ്ങൾ ആക്റ്റ്, 1897, [1897–ലെ 9] 23–ാം വകുപ്പ് (3)–ാം ഖണ്ഡത്തിൽ

വിനിർദ്ദേശിക്കേണ്ട തീയതി നിർദ്ദിഷ്ട ചട്ടങ്ങളുടെ കരട് പ്രസിദ്ധപ്പെടുത്തുന്ന തീയതിതൊട്ട് മൂന്നു മാസത്തിലും കുറയാൻ പാടില്ലാത്തതും ആകുന്നു.

(6) ഈ വകുപ്പിൻകീഴിൽ കേന്ദ്ര ഗവൺമെൻറ് ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ പാർലമെൻറ് സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടേയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, ഏത് സമ്മേളനത്തിലാണോ അത് അപ്രകാരം വച്ചിട്ടുള്ളത്, ആ സമ്മേളനമോ അതിനു തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം, ആ ചട്ടത്തിന്, അതതു സംഗതിപോലെ, രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും, ആകുന്നു; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്യപ്പെട്ടിട്ടുള്ള എന്തിന്റേയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കുന്നതാണ്.